2025JANUARY
20
MONDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഡോണാൾഡ് ട്രംപ് ഇന്ന് ചുമതലയേൽക്കും

**വാഷിംഗ്ടൺ:** അമേരിക്കയുടെ 47ാമത് പ്രസിഡൻറായി ഡോണൾഡ് ട്രംപ് ഇന്ന് ചുമതലയേൽക്കും. ഇന്ത്യൻ സമയം രാത്രി 10.30നാണ് (പ്രാദേശിക സമയം ഉച്ചയ്ക്ക് 12 ) സ്ഥാനാരോഹണച്ചടങ്ങ്. അതിശൈത്യത്തെത്തുടർന്ന് സ്ഥാനാരോഹണ ചടങ്ങുകൾ ഭരണസിരാകേന്ദ്രമായ കാപിറ്റോൾ മന്ദിരത്തിനുള്ളിലെ റോട്ടൻഡ ഹാളിലാണു നടക്കുക. നേരത്തെ തുറന്ന വേദിയിൽ സ്ഥാനാരോഹണ ചടങ്ങുകൾ നടത്താനായിരുന്നു തീരുമാനിച്ചിരുന്നത്.

സത്യപ്രതിജ്ഞയ്ക്കു പ്രാരംഭമായി നടക്കുന്ന പ്രാർഥനയ്ക്ക് ന്യൂയോർക്ക് ആർച്ച്ബിഷപ് കർദിനാൾ തിമോത്തി ഡോളൻ നേതൃത്വം നൽകും. യുഎസ് സുപ്രീംകോടതി ചീഫ് ജസ്റ്റീസ് ജോൺ റോബർട്ട്സായിരിക്കും സത്യവാചകം ചൊല്ലിക്കൊടുക്കുക. നിയുക്ത വൈസ് പ്രസിഡൻറ് ജെ.ഡി. വാൻസ് ആണ് ആദ്യം സത്യപ്രതിജ്ഞ ചൊല്ലുക. തുടർന്നാണ് ട്രംപിൻറെ ഊഴം. ബൈബിളിൽ തൊട്ടാണു സത്യപ്രതിജ്ഞ.



ട്രംപ് ലിങ്കൺ ബൈബിളും അമ്മ സമ്മാനിച്ച ബൈബിളും സത്യപ്രതിജ്ഞയ്ക്ക് ഉപയോഗിക്കും. 1861ൽ എബ്രഹാം ലിങ്കൺ സത്യപ്രതിജ്ഞയ്ക്ക് ഉപയോഗിച്ച ബൈബിളാണ് ലിങ്കൺ ബൈബിൾ എന്നറിയപ്പെടുന്നത്. വൈസ് പ്രസിഡൻറ് ജെ.ഡി. വാൻസ് തൻറെ മുത്തശി സമ്മാനിച്ച ബൈബിളിൽ തൊട്ടാകും സത്യവാചകം ചൊല്ലുക.

സത്യപ്രതിജ്ഞയ്ക്കുശേഷം ട്രംപ് രാജ്യത്തെ അഭിസംബോധന ചെയ്യും. നാലു വർഷം താൻ നടപ്പാക്കാൻ പോകുന്ന പദ്ധതികൾ പ്രഖ്യാപിക്കും.

പരമ്പരാഗതമായി അമേരിക്കൻ പ്രസിഡൻറിൻറെ സ്ഥാനാരോഹണ ച്ചടങ്ങിലേക്ക് വിദേശ രാഷ്ട്രത്തലവന്മാരെ ക്ഷണിക്കാറില്ല. എന്നാൽ, ട്രംപ് തൻറെ സ്ഥാനാരോഹണ ചടങ്ങിലേക്ക് ഏതാനും വിദേശനേതാക്കളെ ക്ഷണിച്ചിട്ടുണ്ട്. ഇന്ത്യയിൽനിന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ചടങ്ങിൽ പങ്കെടുക്കും.

സത്യപ്രതിജ്ഞയ്ക്കായി ഡോണൾഡ് ട്രംപും കുടുംബവും ശനിയാഴ്ച വൈകുന്നേരം വാഷിംഗ്ടണിലെത്തിയിരുന്നു.

# സ്വർണത്തിന് ഇനി മുതൽ ഇവേ ബിൽ നിർബന്ധം



**കൊച്ചി:** 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്വർണം സംസ്ഥാനത്തിനകത്ത് കൊണ്ടുപോകുന്നതിന് ഇവേ ബിൽ നിർബന്ധമാക്കി സംസ്ഥാന ജിഎസ്ടി വകുപ്പ്. ജനുവരി 1 മുതൽ ഇത് നടപ്പാക്കിയിരുന്നെങ്കിലും സംസ്ഥാന ജിഎസ്ടി പോർട്ടലിലെ സാങ്കേതിക തകരാർ മൂലം താത്കാലികമായി മരവിപ്പിച്ചതായി ജനുവരി 9ന് ജിഎസ്ടി കമ്മീഷ്ണർ അജിത് പാട്ടീൽ അറിയിച്ചിരുന്നു. പോർട്ടലിലെ പ്രശ്നങ്ങൾ പരിഹരിച്ചതോടെയാണ് തിങ്കളാഴ്ച മുതൽ പ്രാബല്യത്തിലാക്കുന്നത്.

ഡിസംബർ 27നാണ് ഇവേ ബിൽ നിർബന്ധമാക്കുന്ന ഉത്തരവ് ജിഎസ്ടി വകുപ്പ് പുറത്തിറക്കിയത്. വിൽപ്പനയ്ക്കും അല്ലാതെയും അൺരജിസ്റ്റേഡ് വ്യക്തികളിൽ നിന്ന് വാങ്ങുന്ന സ്വർണത്തിന് 10 ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുണ്ടെങ്കിൽ ഇവേ ബിൽ വേണമെന്നാണ് നിയമം.

സ്വർണം, വെള്ളി, പ്ലാറ്റിനം പോലെ വിലപിടിപ്പുള്ള ലോഹ നിർമിത ആഭരണങ്ങൾ (10 ലക്ഷമോ അതിലധികമോ തുകയ്ക്കുള്ളത്), വിൽപ്പന, ജോബ് വർക്ക്, സ്റ്റോക്ക് ട്രാൻസ്ഫർ, പ്രദർശനം തുടങ്ങിയവയുടെ ഭാഗമായി വാഹനത്തിൽ കൊണ്ടുപോകുമ്പോൾ ഇവേ ബിൽ എടുക്കണം. കൊണ്ടു പോകുന്ന സ്വർണത്തിൻറെ പൂർണ വിവരങ്ങൾ കാണിച്ചാണ് ബിൽ എടുക്കേണ്ടത്.

എന്നാൽ, സ്വർണത്തിന് ഇവേ ബിൽ നടപ്പാക്കുന്നതിൽ ഒട്ടേറെ അവ്യക്തത നിലനിൽക്കുന്നതായി ഓൾ കേരള ഗോൾഡ് ആൻഡ് മർച്ചൻറ്സ് അസോസിയേഷൻ ഭാരവാഹികൾ ധനമന്ത്രി കെ.എൻ. ബാലഗോപാലിന് നിവേദനം നൽകിയിരുന്നു.

# കേരളത്തിൽ മരുന്ന് ക്ഷാമം രൂക്ഷം

**തിരുവനന്തപുരം:** സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം രൂക്ഷം. കേരള മെഡിക്കൽ സർവീസസ് കോർപറേഷൻറെ കെടുകാര്യസ്ഥത മൂലമാണിത്. 600 കോടിയോളം രൂപ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുൾപ്പെടെ മുൻകൂറായി കിട്ടിയിട്ടും മരുന്ന് വിതരണം നടത്താനാവാത്ത സ്ഥിതിയാണ്.

അതേസമയം, 80 കോടിയോളം രൂപയുടെ കാലാവധി കഴിഞ്ഞ മരുന്നുകൾ കാരുണ്യ ഫാർമസികളിൽ കെട്ടിക്കിടക്കുന്നത് ബന്ധപ്പെട്ട മരുന്നു കമ്പനികൾക്ക് കൈമാറിയാൽ തന്നെ ഉടൻ പകരം മരുന്നോ പണമോ ലഭിക്കുമെന്നിരിക്കെ അതിനും നടപടിയില്ല. ആശുപത്രികളിൽ സൗജന്യ മരുന്നു വിതരണത്തിന് ബജറ്റിൽ പ്രഖ്യാപിച്ച തുക സർക്കാർ നൽകാത്തതും സ്ഥിതി പരിതാപകരമാക്കി.

തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മരുന്നു ക്ഷാമം ഗുരുതരാവസ്ഥയിലായിട്ടില്ലെന്ന് ആശുപത്രികളിൽ നിന്നുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. അതിനു കാരണം, അവിടങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേനയും സാന്ത്വന, വയോജന, അതിദാരിദ്ര്യ, സാംക്രമികേതര രോഗങ്ങൾക്കുള്ള (എൻസിഡി) ഫണ്ട് ഉൾപ്പെടെയുള്ളവയിൽ നിന്നുമുള്ള മരുന്നുകൾ കൃത്യമായി വിതരണം ചെയ്യുന്നതിനാലാണ്. എസ്എടി ഹെൽത്ത് എജ്യുക്കേഷൻ സൊസൈറ്റിയുടെ ഇൻഹൗസ് ഡ്രഗ് ബാങ്കിനാണ് (ഐഎച്ച്ഡിബി) ഈ ജില്ലകളിൽ ഈ മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള ചുമതല.

മറ്റ് ജില്ലകളിൽ ഈ ചുമതലയും കെഎംഎസ്സിഎല്ലിനാണ്. സർക്കാർ മരുന്നു വിതരണം അവതാളത്തിലാക്കിയ അവർ ഇതിന് മുൻകൂറായി കിട്ടിയ പണം വകമാറ്റി. അതോടെ, തദ്ദേശ സ്ഥാപനങ്ങളുൾപ്പെടെ മുൻകൂറായി നൽകിയിട്ടും മരുന്നില്ലാത്തതിൻറെ പഴി കേൾക്കേണ്ട അവസ്ഥയിലാണ്.ഇതിനിടെ, ആരോഗ്യമന്ത്രി വീണാ ജോർജിനേയും കെഎംഎസ്സിഎൽ അധികൃതർ തെറ്റിദ്ധരിപ്പിച്ചുവെന്നാണ് വിവരം. കോഴിക്കോട് മരുന്ന് ക്ഷാമത്തിന് 'കാരുണ്യ'യിൽ നിന്ന് മരുന്ന് നൽകുമെന്നാണ് മന്ത്രി അറിയിച്ചത്. അവിടെ അടിയന്തരമായി വേണ്ട 140 ഇനം മരുന്നുകളിൽ കാരുണ്യയിൽ എല്ലായിടത്തുമായി 40 ഇനമേയുള്ളൂ. അതുതന്നെ 2 ദിവസത്തേക്കുള്ളതേ സ്റ്റോക്കുള്ളൂ.കെഎംഎസ്സിഎല്ലിൻറെ നിയന്ത്രണത്തിൽ സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ പ്രവർത്തിക്കുന്ന 70 'കാരുണ്യ' ഫാർമസികളിലും മിക്ക മരുന്നുകളും കിട്ടാനില്ല. വിലക്കുറവു കാരണം പാവപ്പെട്ടവരുടെ ആശ്രയമായിരുന്ന ഈ മരുന്നു കടകൾ മികച്ച ലാഭമാണ് കെഎംഎസ്സിഎല്ലിന് നേടിക്കൊടുത്തിരുന്നത്. 201617 ൽ 184 കോടി വിറ്റുവരവുണ്ടായിരുന്ന ഇവയിലെ വിറ്റുവരവ് 201920ൽ 391 കോടിയായി ഉയർന്നിരുന്നു.



സൊസൈറ്റി ടുഡേ
SOCIETY TODAY



# സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണം വർധിച്ചു മന്ത്രി വീണാ ജോർജ്

**കൊല്ലം:** കഴിഞ്ഞ എട്ടരവർഷത്തിനിടെ സംസ്ഥാനത്ത് ആരോഗ്യരംഗം ഏറെ മെച്ചപ്പെട്ടെന്നും സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണം വർധിച്ചതായും ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. ഓതറ കുടുംബാരോഗ്യ കേന്ദ്രം പുതിയ ഒ പി ബ്ലോക്ക് നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ആരോഗ്യകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി 43 ലക്ഷം ഉപയോഗിച്ചാണ് ഒ പി ബ്ലോക്ക് നിർമാണം. 4900 ചതുരശ്രഅടി കെട്ടിടം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 46 കോടിയുടെ നിർമാണം പുരോഗമിക്കുന്നു. പുതിയ വാർഡിനായി രണ്ട് കോടി രൂപ അനുവദിച്ചു. കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 30 കോടിയുടെ നിർമാണം നടക്കുന്നു. ഏപ്രിൽ മെയ് മാസത്തോടെ പൂർത്തിയാകും. പത്തനംതിട്ട മെഡിക്കൽ കൊളജിന്റെ പ്രവർത്തനവും മികച്ച നിലയിലാണ് പുരോഗമിക്കുന്നത്. ആറന്മുളയിൽ സഹകരണ എഞ്ചിനീയറിംഗ് കൊളജുമായി ബന്ധപ്പെട്ട് പുതിയ നേഴ്സിംഗ് കൊളജ് അനുവദിച്ചിട്ടുണ്ട്. അടൂർ, റാന്നി താലൂക്ക് ആശുപത്രികളിൽ 15 കോടി രൂപയുടെ വികസനം നടപ്പിലാക്കുകയാണ്.

സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണം വർധിക്കുന്നതിന്റെ പാശ്ചാത്തലമാണിത്. ലാബ് പരിശോധന എളുപ്പമാക്കുന്ന നിർണയ പദ്ധതി ഈ വർഷത്തോടെ സംസ്ഥാനമൊട്ടാകെ നടപ്പാക്കും. തിരുവനന്തപുരം ആർസിസിയിൽ റോബോട്ടിക് സർജറിയുണ്ട്. കരൾ, മജ്ജ മാറ്റിവയ്ക്കൽ സൗകര്യം കോട്ടയത്തും മലബാർ കാൻസർ സെന്ററിലും സജ്ജമാക്കി. ലോക കാൻസർ ദിനമായ ഫെബ്രുവരി നാല് മുതൽ മാർച്ച് എട്ടു വരെ 30 കഴിഞ്ഞ സ്ത്രീകൾക്ക് ബ്രെസ്റ്റ്, സെർവിക്കൽ കാൻസർ സ്ക്രീനിങ്ങ് ടെസ്റ്റ് നടത്താൻ ഉദ്ദേശിക്കുന്നു. ആരോഗ്യരംഗത്ത് കേരളത്തിന്റെ പ്രവർത്തനം വികസിത രാജ്യങ്ങൾക്ക് തുല്യമാണെന്ന് മന്ത്രി വ്യക്തമാക്കി.

ഇരവിപേരൂർ പഞ്ചായത്ത് പ്രസിഡന്റ് കെ ബി ശശിധരൻപിള്ള അധ്യക്ഷനായി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. അനിതാകുമാരി, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ് ശ്രീകുമാർ, ആർദ്രം മിഷൻ ജില്ലാ നോഡൽ ഓഫീസർ ഡോ. അംജിത്ത് രാജീവൻ, ഓതറ കുടംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. റ്റിറ്റു ജി സക്കറിയ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# വേമ്പനാട്ട് കായൽ പുനരുജ്ജീവനം: ആദ്യ ദിനം ശേഖരിച്ചത് 11,087 കിലോഗ്രാം മാലിന്യം

**ആലപ്പുഴ:** വേമ്പനാട്ട് കായലിനെ വീണ്ടെടുക്കാനുള്ള ജനകീയ പ്ലാസ്റ്റിക് മുക്ത വേമ്പനാട് മെഗാ ക്യാംപെയ്നിന്റെ ആദ്യ ദിനം ശേഖരിച്ചത് 11,087 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം. ആദ്യഘട്ടത്തിൽ ഇന്നലെ ജില്ലയിലെ 12 കേന്ദ്രങ്ങളിൽ നടത്തിയ ശുചീകരണത്തിലാണ് ഇത്രയും മാലിന്യം ശേഖരിച്ചത്. പുന്നമട ഫിനിഷിങ് പോയിന്റിൽ നടന്ന ശുചീകരണം പി.പി. ചിത്തരഞ്ജൻ എംഎൽഎ ഫ്ലാഗ്ഓഫ് ചെയ്തു. എച്ച്.സലാം എംഎൽഎ ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തവണക്കടവ് ബോട്ടുജെട്ടിയിൽ നടന്ന ശുചീകരണം ദലീമ ജോജോ എംഎൽഎ ഉദ്ഘാടനം ചെയ്തു. തണ്ണീർമുക്കം പഞ്ചായത്തിൽ ഇന്നു ശുചീകരണം നടക്കും.

ആലപ്പുഴ, ചേർത്തല നഗരസഭകൾ, ആര്യാട്, മണ്ണഞ്ചേരി, അരൂക്കുറ്റി, ചേന്നംപള്ളിപ്പുറം, മുഹമ്മ, പാണാവള്ളി, പെരുമ്പളം, തൈക്കാട്ടുശേരി, കൈനകരി എന്നിവിടങ്ങളിൽ നടത്തിയ ശുചീകരണ യജ്ഞത്തിൽ 3250ലേറെപ്പേർ പങ്കെടുത്തു. 334 വള്ളങ്ങളിലായാണു കായലിൽ നിന്നു മാലിന്യം നീക്കിയത്. ആലപ്പുഴ നഗരസഭയിൽ 666 പേരും ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ 974 പേരും കൈനകരിയിൽ 300 പേരും തൈക്കാട്ടുശേരിയിൽ 247 പേരും അരൂക്കുറ്റിയിൽ 178 പേരും ശുചീകരണ യജ്ഞത്തിൽ പങ്കാളികളായി. 548 മത്സ്യത്തൊഴിലാളികളും 535 സന്നദ്ധപ്രവർത്തകരും ശുചീകരണത്തിൽ പങ്കാളികളായി.

ആലപ്പുഴ നഗരസഭ പ്രദേശത്തു നിന്നാണ് ഏറ്റവുമധികം മാലിന്യം നീക്കിയത് 4,250 കിലോഗ്രാം. തൈക്കാട്ടുശേരിയിൽ 926 കിലോഗ്രാം, മണ്ണഞ്ചേരിയിൽ 925 കിലോഗ്രാം, പാണാവള്ളിയിൽ 852 കിലോഗ്രാം എന്നിങ്ങനെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചു. ശേഖരിച്ച മാലിന്യം അതതു തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ കേന്ദ്രങ്ങളിലേക്കു മാറ്റുകയോ ഏജൻസികൾക്കു കൈമാറുകയോ ചെയ്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേശ്വരിയുടെയും കലക്ടർ അലക്സ് വർഗീസിന്റെയും നേതൃത്വത്തിലാണു വേമ്പനാട്ട് കായൽ പുനരുജ്ജീവന പദ്ധതി നടപ്പാക്കുന്നത്. വേമ്പനാട്ട് കായലുമായി ബന്ധപ്പെട്ടു കിടക്കുന്ന ജില്ലയിലെ 30 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണു മെഗാ ക്യാംപെയ്ൻ നടത്തുന്നത്.

# സിഎംഎഫ്ആർഐ സ്ഥാപകദിനത്തിൽ മത്സ്യമേളയും ഓപ്പൺ ഹൗസും


**കൊച്ചി:** സ്ഥാപകദിനാഘോഷത്തോടനുബന്ധിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) മത്സ്യമേളയും ഓപ്പൺ ഹൗസും സംഘടിപ്പിക്കുന്നു. മത്സ്യമേഖലയിലെ സാങ്കേതികവിദ്യകളും അറിവുകളും കൂടുതൽ ജനീകയമാക്കാൻ ലക്ഷ്യമിട്ടുള്ള മേള ഫെബ്രുവരി ഒന്ന് മുതൽ മൂന്ന് വരെ സിഎംഎഫ്ആർഐയിൽ നടക്കും. മീൻ ഉൽപന്നങ്ങൾ, സാങ്കേതികവിദ്യകളുടെയും പ്രദർശനം, ലൈവ് ഫിഷ്, സീഫുഡ് ഫെസ്റ്റ്, ബയർസെല്ലർ സംഗമം, ശിൽപ്പശാലകൾ, പരിശീലനം, സംരംഭകത്വ സംഗമം തുടങ്ങിയവയാണ് മേളയിലുള്ളത്.

ഓപ്പൺ ഹൗസിന്റെ ഭാഗമായി, കടലറിവുകളുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ നടത്തും. ആഴക്കടലിന്റെ വിസ്മയകാഴ്ചകൾ സമ്മാനിക്കുന്ന മ്യൂസിയം, മറൈൻ അക്വേറിയം, വിവിധ ലബോറട്ടറികൾ തുടങ്ങിയവ പൊതുജനങ്ങൾക്കായി തുറന്നിടും.

ബോധവൽകരണത്തിനൊപ്പം, കർഷകർക്ക് വിപണി അവസരം സൃഷ്ടിക്കൽ, പ്രാദേശികമായ സീഫുഡ് വിഭവങ്ങൾ പരിചയപ്പെടുത്തൽ, ഫിഷറീസ് മേഖലയിലെ സുസ്ഥിര രീതികൾ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും മേളയുടെ ലക്ഷ്യങ്ങളാണ്.

വിവിധ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത മത്സ്യബന്ധന മേഖലയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മത്സ്യകർഷകരും കർഷക ഉൽപാദക സംഘങ്ങളും എത്തിക്കുന്ന മത്സ്യ മൂല്യവർധിത ഉൽപന്നങ്ങൾ മേളയിലുണ്ടാകും. ലക്ഷദ്വീപിലെ തനത് വിഭവങ്ങൾ, മത്സ്യചെമ്മീൻഞണ്ട്കക്കവർഗയിനങ്ങളുമായി ഒരുക്കുന്ന സീഫുഡ് ഫെസ്റ്റ് പ്രധാന ആകർഷണമാണ്.

ബയർസെല്ലർ സംഗമത്തിൽ മത്സ്യകാർഷിക ഉൽപാദകരും വിതരണക്കാരും തമ്മിലുള്ള വ്യാപാര ഇടപാടുകൾക്ക് അവസരമുണ്ടാകും. സിഎംഎഫ്ആർഐയുടെ ഗവേഷണ പ്രവർത്തനങ്ങളെ കുറിച്ചും കടൽജൈവവൈവിധ്യ സംരക്ഷണത്തെ കുറിച്ചും വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ബോധവൽകരിക്കുന്നത് ലക്ഷ്യമിട്ടാണ് ഓപ്പൺ ഹൗസ് നടത്തുന്നത്. കർഷകർ, മത്സ്യത്തൊഴിലാളികൾ, മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്വയംസഹായക സംഘങ്ങൾ, മത്സ്യപ്രേമികൾ, സംരംഭകർ തുടങ്ങി എല്ലാവർക്കും ഒരുപോലെ ഉപകരിക്കുന്ന രീതിയിലാണ് മേള ഒരുക്കുന്നതെന്ന് ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.



# എസ്.എൻ ഡി.പി യോഗം യൂത്ത് മൂവ്മെന്റ് തൃശ്ശൂർ ജില്ല നേതൃയോഗം നടന്നു

**തൃശ്ശൂർ:** എസ്.എൻ ഡി.പി യോഗം തൃശ്ശൂർ ജില്ല നേതൃയോഗം കൊടകര യൂണിയൻ ഓഫീസിൽ വെച്ച് യോഗം കൗൺസിലറും യൂത്ത്മൂവ്മെന്റ് കേന്ദ്ര സമിതി ചെയർമാനുമായ പച്ചയിൽ സന്ദീപ് ഉദ്ഘാടനം ചെയ്തു. എസ്.എൻ ഡി.പി യോഗം യൂത്ത് മൂവ്മെന്റ് കേന്ദ്ര സമിതി വൈസ് പ്രസിഡന്റ് എൻ.വി രഞ്ജിത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ ചെയർമാൻ അനൂപ് കെ ദിനേശൻ സ്വാഗതം പറഞ്ഞു. ജില്ലയിലെ 15 യൂണിയനിലെയും യൂത്ത് മൂവ്മെന്റ് ഭാരവാഹികൾ യോഗത്തിൽ പങ്കെടുത്തു. ചടങ്ങിൽ ജോയിന്റ് സെക്രട്ടറി ചിന്തുചന്ദ്രൻ, കേന്ദ്ര സമിതി അംഗം നിവിൻ ചെറാക്കുളം, സൈബർ സേന ജില്ലാ കൺവീനർ അഭിലാഷ് നെല്ലായി എന്നിവർ പ്രസംഗിച്ചു. യോഗത്തിന് കേന്ദ്ര സമിതി ജോയിന്റ് സെക്രട്ടറി ദിനിൽ മാധവ് നന്ദി രേഖപ്പെടുത്തി.



**ആലുവ തൃക്കുന്നത്ത് സെന്റ്മേരീസ് പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ പൗലോസ് മാർ അത്താനാസ്സിയോസ് വലിയ തിരുമേനിയുടെ 72മത് ശ്രാദ്ധ പെരുന്നാളും, പുണ്യപിതാക്കമാരുടെ സംയുക്ത ഓർമ്മ പെരുന്നാളിന് അങ്കമാലി ഭദ്രാസന മേഖല മെത്രാപ്പോലിത്ത ഡോ.മാത്യൂസ് മോർ അന്തീമോസ് കൊടിയുയർത്തുന്നു. ഇടവക വികാരി ഗീവർഗ്ഗീസ് അരീക്കൽ, ട്രസ്റ്റി പൗലോസ്, സെക്രട്ടറി രാജ, കൺവീനർ പത്രോസ്, ഷാന്റി വിൽസൻ എന്നിവർ സമീപം.**



# പോഷകസമൃദ്ധി മിഷൻ ഇടുക്കി ജില്ലയിൽ മുന്നേറുന്നു

**തൊടുപുഴ:** കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉത്പ്പാദിപ്പിക്കുന്ന കൃഷി വകുപ്പിൻറെ പോഷകസമൃദ്ധി മിഷൻ പദ്ധതി ജില്ലയിൽ പുരോഗമിക്കുന്നു. ഉത്പാദനം, വിപണനം, മൂല്യവർധന, പോഷക സമൃദ്ധമായ സുരക്ഷിത ഭക്ഷണം എന്നിവ സംയോജിപ്പിച്ച് ആരോഗ്യ സംരക്ഷണവും പുറമെ കർഷകരുടെ വരുമാനം വർധിപ്പിക്കുകയുമാണ് ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി എട്ട് ബ്ലോക്കുകളിലായി 7000 പോഷകത്തോട്ടങ്ങളാണ് ജില്ലയിൽ ഒരുങ്ങുന്നത്. ഇതിനായി 7000 ന്യുട്രീഷണൽ ഗാർഡൻ കിറ്റുകൾ വിതരണം ചെയ്തെന്ന് അധികൃതർ പറഞ്ഞു.പച്ചക്കറി, പഴങ്ങൾ, ചെറുധാന്യങ്ങൾ, കൂൺ തുടങ്ങി എല്ലാ പോഷകങ്ങളുടെയും ഉത്പ്പാദനമാണ് ലക്ഷ്യം. കിറ്റുകളിൽ വിത്തുകൾ, തൈകൾ, ജൈവ വളം, ജൈവ കീടനാശിനി തുടങ്ങിയവയുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ, വനിത ശിശുക്ഷേമ വകുപ്പ്, മൃഗസംരക്ഷണം, സഹകരണ വകുപ്പ്, ഫിഷറീസ്, തദ്ദേശ സ്വയംഭരണം, ക്ഷീരവികസനം, തൊഴിലുറപ്പ് പദ്ധതി തുടങ്ങി വിവിധ കാർഷിക അനുബന്ധ മേഖലകളുമായി സഹകരിച്ച് കഴിഞ്ഞ സെപ്റ്റംബർ ഒന്നുമുതൽ ഏഴുവരെ പോഷകാഹാരവാരവും ആചരിച്ചു. പദ്ധതിക്ക് കീഴിൽ 81.9 ഹെക്ടറിൽ ചെറുധാന്യ കൃഷി തുടങ്ങി. വീട്ടമ്മമാരും കർഷകരും ഉൾപ്പെടെ ജില്ലയിൽ ഒരുലക്ഷം ഗുണഭോക്താക്കളും 728 കൃഷിക്കൂട്ടങ്ങളും പദ്ധതിയുടെ ഭാഗമാണ്.

ജനങ്ങൾക്കിടയിൽ പോഷകാഹാരത്തിൻറെ പ്രാധാന്യം അറിയിക്കാൻ ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ 72 പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചത്. ആരോഗ്യത്തിന് പോഷകസമൃദ്ധമായ ഭക്ഷണം, ആരോഗ്യത്തെ ഹനിക്കുന്ന ഭക്ഷണം തുടങ്ങിയവ സംബന്ധിച്ച ബോധവത്കരണം നടത്തി. വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി പരമാവധി ആളുകളിലേക്ക് അവബോധം പകരാനാണ് പരിപാടിയിലൂടെ ശ്രമിച്ചത്. പലതരം പോഷക ഗുണങ്ങളുള്ള കൂൺ കൃഷിക്ക് വലിയ പ്രാധാന്യമുള്ളതിനാൽ മഷ്റൂം വില്ലേജ് പദ്ധതി പ്രകാരം ജില്ലയിൽ 76 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾ തുടങ്ങി. 11,250 രൂപവീതം സർക്കാർ സഹായത്തോടെയാണിത്. രണ്ട് വൻകിട കൂൺ ഉത്പാദന കേന്ദ്രവും ആരംഭിച്ചു. രണ്ട് ലക്ഷമാണ് സർക്കാർ സഹായം. ഒന്നുവീതം സംരക്ഷണം, പായ്ക്കിംഗ് യൂണിറ്റുകളും നാലു കമ്പോസ്റ്റ് യൂണിറ്റും മൂന്ന് കപ്പാസിറ്റി ബിൽഡിംഗും തുടങ്ങിയിട്ടുണ്ട്. തൊടുപുഴ ബ്ലോക്കിലാണ് മഷ്റൂം വില്ലേജ് തയാറായത്. സർക്കാരിൻറെ നേതൃത്വത്തിൽ മൂന്നു മാസം മുമ്പ് വീടുകളിലും തോട്ടങ്ങളിലും മറ്റിടങ്ങളിലും തീവ്ര പച്ചക്കറി യജ്ഞം ആരംഭിച്ചിരുന്നു.പോഷക സമൃദ്ധി മിഷനും ഇതിലേക്ക് ലയിപ്പിച്ചു. പോഷകവിള പ്ലാനും തയാറാക്കിയിട്ടുണ്ട്.മൂന്നുലക്ഷം സങ്കരയിനം പച്ചക്കറി തൈകൾ, 5000 സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ, 2.5 ലക്ഷം ശീതകാല പച്ചക്കറി തൈകൾ, രണ്ടുലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ, 500 യൂണിറ്റ് മൺചട്ടികൾ, 5000 ദീർഘകാല പച്ചക്കറി തൈകൾ എന്നിവയാണ് കർഷകർക്ക് നൽകിയത്.

# കൊച്ചിൻ ഐ.എം.എയ്ക്ക് ഇനി ഹരിതോർജ്ജത്തിന്റ കരുത്ത്

**കൊച്ചി:** കൊച്ചിൻ ഐ.എം.എ ഹൗസ് ഇനി പ്രവർത്തിക്കുക ഹരിതോർജ്ജത്തിന്റെ കരുത്തിൽ. സമൂഹത്തിന്റെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തിൽ കലൂരിലെ കൊച്ചിൻ ഐ.എം.എ ഹൗസിന്റെ പ്രവർത്തനം ഹരിതോർജ്ജത്തിലേക്ക് മാറുന്നതിനായി ഒരു വർഷം മുമ്പ് ആരംഭിച്ച നടപടികളാണ് ഇപ്പോൾ പരിസമാപ്തിയിൽ എത്തിയിരിക്കുന്നത്. 326 കിലോവാട്ടിന്റെ 592 സോളാർ പാനലുകളാണ് കൊച്ചിൻ ഐ.എം.എയിൽ ഹരിതോർജ്ജ ഉൽപ്പാദനത്തിനായി സ്ഥാപിച്ചിരിക്കുന്നത്. ഇതിൽ നിന്നും പ്രതിമാസം 42543 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകും. കാർബണിന്റെ പുറം തള്ളൽ മൂലം അന്തരീക്ഷ മലിനീകരണത്തിന്റെ തോത് ദിനം പ്രതി അപകടകരമാം വിധം വർധിച്ചു വരുന്ന സാഹചര്യത്തിൽ സമൂഹത്തിന്റെ ആരോഗ്യ സുരക്ഷ ലക്ഷ്യമിട്ടാണ് ഐ.എം.എ ഹൗസിന്റെ പ്രവർത്തനം ഹരിതോർജ്ജത്തിലേക്ക് പരിവർത്തനം ചെയ്യുന്നതെന്ന് കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് ഡോ. ജേക്കബ്ബ് എബ്രഹാം, സെക്രട്ടറി ഡോ. സച്ചിൻ സുരേഷ്, ട്രഷറർ ഡോ ബെൻസിർ ഹുസൈൻ എന്നിവർ പറഞ്ഞു. കൊച്ചിൻ ഐ.എം.എ മുൻ പ്രസിഡന്റ് ഡോ.എം. എം ഹനീഷ്, സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ എന്നിവരുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷമാണ് കൊച്ചിൻ ഐ.എം.എ ഹൗസിന്റെ പ്രവർത്തനം ഹരിതോർജ്ജത്തിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. അതാണ് ഇപ്പോൾ പൂർത്തീകരണത്തിലെത്തിയിരിക്കുന്നത്. മൂന്നു കോടി രൂപ മുതൽ മുടക്കിൽ ഒരു വർഷം കൊണ്ടാണ് പദ്ധതി പൂർത്തിയാക്കിയിരിക്കുന്നത്. പദ്ധതി വഴി ഒരു വർഷം 436536 പൗണ്ട് കാർബൺ പുറം തള്ളൽ ഇല്ലാതാക്കാൻ സാധിക്കും. ഐ.എം.എ ഹൗസിന്റെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതിയുടെ 40 മുതൽ 50 ശതമാനം വരെ ഇവിടെ സ്ഥാപിച്ചിരിക്കുന്ന ഹരിതോർജ്ജ പ്ലാന്റുവഴി ലഭ്യമാകും. ഹരിതോർജ്ജ പ്ലാന്റു വഴി പ്രവർത്തിക്കുന്ന കേരളത്തിലെ അഞ്ചു മുൻനിര സ്ഥാപനങ്ങളിലൊന്നായി കൊച്ചിൻ ഐ.എം.എയും മാറുകയാണ്. ഈ മാസം 22 ന് (ജനുവരി 22, ബുധൻ) വൈകിട്ട് എട്ടിന് ചേരുന്ന സമ്മേളനത്തിൽ എറണാകുളം ജില്ലാ കളക്ടർ എൻഎസ്കെ ഉമേഷ് പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കും.


കൊച്ചിൻ ഐ.എം.എയിൽ സ്ഥാപിച്ചിരിക്കുന്ന സോളാർ പ്ലാന്റ്



# അർത്തുങ്കൽ തിരുനാൾ ഇന്ന്; ജനലക്ഷങ്ങൾ പങ്കുചേരും

**ചേർത്തല:** അർത്തുങ്കൽ സെൻറ് ആൻഡ്രൂസ് ബസിലിക്കയിൽ വിശുദ്ധ സെബസ്ത്യാനോസിൻറെ മകരം തിരുനാൾ ഇന്ന് ആഘോഷിക്കും. ലോകപ്രശസ്തമായ തിരുനാൾ പ്രദക്ഷിണവും ഇന്നു വൈകുന്നേരം നടക്കും.

തിരുനാളിനോടനുബന്ധിച്ച് ഇന്ന് ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചിട്ടുണ്ട്. പകൽ 11നു നടക്കുന്ന ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലിക്ക് ആലപ്പുഴ രൂപത മെത്രാൻ ഡോ. ജയിംസ് റാഫേൽ ആനാപറമ്പിലും വൈകുന്നേരം മൂന്നിന് നടക്കുന്ന ആഘോഷമായ തിരുനാൾ ദിവ്യബലിക്ക് കണ്ണൂർ രൂപത വികാരി ജനറൽ ഡോ.ക്ലാരൻസ് പാലിയത്തും മുഖ്യ കാർമികത്വം വഹിക്കും. തുടർന്നാണ് ആഘോഷമായ തിരുനാൾ പ്രദക്ഷിണം.

തേരിൻറെ ആകൃതിയിൽ നിർമിച്ചിട്ടുള്ള രൂപക്കൂടിനുള്ളിൽ വിശുദ്ധ സെബസ്ത്യാനോസിൻറെ രൂപവുമായി പള്ളിയിൽനിന്നു കടപ്പുറത്തെ കുരിശടിവരെ നടത്തുന്ന പ്രദക്ഷിണത്തിൽ നാടിൻറെ നാനാഭാഗങ്ങളിൽ നിന്നുള്ള ജനലക്ഷങ്ങൾ അണിചേരും. പുണ്യവാളൻറെ മൃതദേഹം ചിറകുവിരിച്ച് സംരക്ഷിച്ച കഴുകന്മാരുടെ ഓർമ നിലനിർത്തിക്കൊണ്ട് പ്രദക്ഷിണ സമയത്ത് ആകാശത്ത് വട്ടമിട്ടു പറക്കുന്ന ചെമ്പരുന്തുകൾ അത്ഭുതകരമായ കാഴ്ചയാണ്. തോളോട് തോൾ ചേർന്ന് ആയിരക്കണക്കിന് ഭക്തരാണ് എഴുന്നള്ളത്തിനായി തിരുസ്വരൂപം എടുത്തുപോകുന്നത്.

27നു രാത്രി 12ന് തിരുസ്വരൂപ വന്ദനം, തിരുനട അടയ്ക്കൽ, കൊടിയിറക്കൽ ശുശ്രൂഷയോടുകൂടി തിരുനാളിന് സമാപനമാകും.

തിരുനാൾ ദിനങ്ങളിലെത്തുന്ന തീർഥാടകരുടെ സുരക്ഷയ്ക്കായി ഹെൽപ്പ് ഡസ്ക് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. വിശാലമായ പാർക്കിംഗ് സൗകര്യവും സന്നദ്ധസേനാംഗങ്ങളുടെ സേവനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

# ഡിജിറ്റൽ സർവെ : അസം സർവെ വിഭാഗം ഉദ്യോഗസ്ഥർ ചർച്ച നടത്തി

**തിരുവനന്തപുരം:** കേരളത്തിൽ നടപ്പാക്കി വരുന്ന രാജ്യത്തെ ആദ്യത്തെ സമഗ്ര ഡിജിറ്റൽ ഭൂവിവര സംവിധാനമായ എന്റെ ഭൂമി സംയോജിത പോർട്ടൽ സംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിന് അസമിലെ നാഷണൽ ഇൻഫർമാറ്റിക് സെന്ററും സർവ്വേ വിഭാഗം ഉദ്യോഗസ്ഥരും സംസ്ഥാന സർവ്വേ ഭൂരേഖാ വകുപ്പ് ആസ്ഥാനത്ത് മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. കേരളത്തിൽ നടപ്പാക്കുന്ന എന്റെ ഭൂമി പോർട്ടൽ മാതൃകയിൽ പദ്ധതി അസമിൽ നടപ്പാക്കുന്നതിന് പ്രയോജനകരമായ അറിവുകളെയും സാങ്കേതിക വിദ്യകളെക്കുറിച്ചും സംഘം സർവ്വേ ഭൂരേഖാ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ആരാഞ്ഞു.

കേരളത്തിന്റെ ഡിജിറ്റൽ സർവ്വേ സംവിധാനം, എന്റെ ഭൂമി സോഫ്റ്റ്വെയർ സൊല്യൂഷൻസ് ഉയർന്ന സാങ്കേതിക മികവ് പുലർത്തുന്നതാണെന്ന് സംഘാംഗങ്ങൾ വിശേഷിപ്പിച്ചു. കേരളത്തിന്റെ ഡിജിറ്റൽ സർവ്വേ പദ്ധതി രാജ്യത്തിനു തന്നെ മാതൃകയാണെന്ന് അവർ അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വേ പദ്ധതി മികച്ച മാതൃകകളെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്നതിനും അത് തങ്ങളുടെ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനും താൽപര്യം അറിയിച്ച് ഇതിനോടകം ആന്ധ്രപ്രദേശ്, പുതുച്ചേരി, തമിഴ്നാട് പശ്ചിമ ബംഗാൾ സംസ്ഥാനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. സംസ്ഥാന സർവ്വേ ഭൂരേഖ വകുപ്പുമായുള്ള സഹകരണത്തിന്റെ ഭാഗമായി പുതുച്ചേരി സർവ്വേ വിഭാഗത്തിലെ 30 അംഗ ഉദ്യോഗസംഘം ജനുവരി 23 മുതൽ ഒരു മാസത്തേക്ക് കേരളത്തിന്റെ ഡിജിറ്റൽ സർവ്വേ മാതൃക പഠിക്കുന്നതിനായി സംസ്ഥാനത്ത് ഉണ്ടാകുമെന്ന് സംസ്ഥാന സർവ്വേ ഡയറക്ടർ സിറാം സാംബശിവ റാവു അറിയിച്ചു.

# പ്രോജക്ട് എഞ്ചിനിയർ (ഇലക്ട്രിക്കൽ) താത്കാലിക ഒഴിവ്

**കൊച്ചി:** ജില്ലയിലെ അർധ സർക്കാർ സ്ഥാപനത്തിൽ പ്രോജക്ട് എഞ്ചിനിയർ (സിവിൽ), പ്രോജക്ട് എഞ്ചിനിയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ ഓരോ താത്കാലിക ഒഴിവുകളുണ്ട്. ശമ്പളം 35000 രൂപ. സിവിൽ /ഇലക്ട്രിക്കൽ എഞ്ചിനിയറിംഗിൽ ബിരുദാനന്തര ബിരുദവും 10 വർഷത്തെ പ്രവൃത്തി പരിചയമുള്ളതുമായ 18 നും 55 വയസിനും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം ജനുവരി 25ന് മുമ്പ് നേരിട്ട് ഹാജരാകണം.

### വന്ധ്യതാ ചികിത്സാ രംഗത്ത് അഭിമാനം

# ഐ.വി.എഫ്. ചികിത്സയിലൂടെ 500ഓളം കുഞ്ഞുങ്ങളെ സമ്മാനിച്ച് എസ്.എ.ടി. ആശുപത്രി

**തിരുവനന്തപുരം:** ഒരു കുഞ്ഞ് ഉണ്ടാകുക എന്നത് ഏതൊരു ദമ്പതിയുടേയും സ്വപ്നമാണ്. പല കാരണങ്ങളാൽ കുഞ്ഞുങ്ങളില്ലാത്ത ദമ്പതിമാർക്ക് ആശ്രയ കേന്ദ്രമായി മാറുകയാണ് തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലെ റീപ്രൊഡക്ടീവ് മെഡിസിൻ വിഭാഗം. കുട്ടികളുണ്ടാകില്ലെന്ന് കരുതി പ്രയാസപ്പെട്ടിരുന്നവർക്ക് അത്യാധുനിക ഐവിഎഫ് ചികിത്സയിലൂടെ 500ഓളം കുഞ്ഞുങ്ങളെയാണ് സമ്മാനിച്ചിരിക്കുന്നത്. ഇതുകൂടാതെ മറ്റ് വന്ധ്യതാ ചികിത്സകൾ വഴി അനേകം കുഞ്ഞുങ്ങളേയും സമ്മാനിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്ത് നിന്നും എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട് എത്തിയ ദമ്പതിമാരുമുണ്ട് അക്കൂട്ടത്തിൽ. ഹോർമോൺ ചികിത്സ, സർജറി, അസിസ്റ്റഡ് റീപ്രൊഡക്ടീവ് ടെക്നോളജി ഉപയോഗിച്ചുള്ള ഐവിഎഫ് (ഇൻ വിട്രോ ഫെർട്ടിലൈസേഷൻ), ഇൻട്രാസൈറ്റോപ്ലാസ്മിക് സ്പേം ഇൻജക്ഷൻ (ഐസിഎസ്ഐ) തുടങ്ങി വൻകിട കോർപറേറ്റ് ആശുപത്രികളെ പോലും വെല്ലുന്ന സംവിധാനങ്ങളാണ് എസ്.എ.ടി. ആശുപത്രിയിൽ സജ്ജമാക്കിയിരിക്കുന്നത്. ആഗോളതലത്തിലേത് പോലെ 40 മുതൽ 50 ശതമാനം വരെ വിജയ ശതമാനം ഉയർത്താൻ എസ്.എ.ടി. ആശുപത്രിയ്ക്കായിട്ടുണ്ട്.

വന്ധ്യതാ ചികിത്സാ രംഗത്ത് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ചികിത്സയിലൂടെ കുഞ്ഞുങ്ങൾക്കായി ശ്രമിക്കുന്ന, കുഞ്ഞുങ്ങൾക്കായി കാത്തിരിക്കുന്ന ധാരാളം ദമ്പതിമാർ നമ്മുടെയിടയിലുണ്ട്. സ്വകാര്യ മേഖലയിൽ വലിയ ചെലവുവരുന്ന ഈ ചികിത്സ സാധാരണക്കാർക്കും പ്രാപ്യമാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിനായി അത്യാധുനിക സംവിധാനങ്ങളാണ് വന്ധ്യതാ ചികിത്സാ ക്ലിനിക്കുകളിൽ സ്ഥാപിച്ച് വരുന്നത്. പുതിയ തസ്തികകളും സൃഷ്ടിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റീപ്രൊഡക്ടീവ് മെഡിസിൻ വിഭാഗവും കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ റീപ്രൊഡക്ടീവ് മെഡിസിൻ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ഇത് കൂടാതെ ആരോഗ്യ വകുപ്പിന് കീഴിലെ പ്രധാനപ്പെട്ട മാതൃ ശിശു ആശുപത്രികളിലും ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ റീപ്രൊഡക്ടീവ് മെഡിസിനിൽ കോഴ്സും നടക്കുന്നുണ്ട്. ഇതിലൂടെ ഈ രംഗത്ത് കൂടുതൽ വിദഗ്ധരെ സൃഷ്ടിക്കാൻ സാധിക്കുന്നു. വിജയകരമായ മാതൃക തീർത്ത എസ്.എ.ടി. ആശുപത്രിയിലെ റീപ്രൊഡക്ടീവ് മെഡിസിനിലെ മുഴുവൻ ടീമിനേയും മന്ത്രി അഭിനന്ദിച്ചു.

ഇന്ത്യയിൽ സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള ആദ്യത്തെ ഐ.വി.എഫ്. സംരംഭമാണ് എസ്.എ.ടി. ആശുപത്രിയിലെ റീപ്രൊഡക്ടീവ് മെഡിസിൻ വിഭാഗം. 2012ലാണ് ഈ കേന്ദ്രം ആരംഭിച്ചത്. ഹിസ്റ്റെറോസ്കോപ്പി, ഇൻക്യുബേറ്റർ തുടങ്ങിയ അത്യാധുനിക സംവിധാനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് സജ്ജമാക്കി. 5 ഡോക്ടർമാരുടെ തസ്തികകൾ കൂടി സൃഷ്ടിച്ചു. ഐവിഎഫ് തീയറ്ററും, ലാപ്രോസ്കോപ്പി തീയറ്ററും പരിശോധനകൾക്കായി ഐവിഎഫ് ലാബും ആൻഡ്രോളജി ലാബും നിലവിലുണ്ട്. കാൻസർ രോഗികൾക്ക് കീമോതെറാപ്പിക്കോ റേഡിയേഷനോ മുമ്പ് അണ്ഡം, ബീജം, ഭ്രൂണം എന്നിവ സൂക്ഷിച്ച് വയ്ക്കാൻ കഴിയുന്ന ശീതീകരണ സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. ഇത് കൂടാതെ കാൻസറോ മറ്റ് രോഗങ്ങളോ ബാധിച്ചവർക്ക് അണ്ഡം സൂക്ഷിച്ച് വയ്ക്കാനുള്ള ഫെർട്ടിലിറ്റി പ്രിസർവേഷൻ പ്രോഗ്രാം അടുത്തിടെ ആരംഭിച്ചിട്ടുണ്ട്.

തിങ്കൾ മുതൽ ശനി വരെയാണ് ഒപി സേവനമുള്ളത്. ദമ്പതികൾ ഒരുമിച്ചാണ് ചികിത്സയ്ക്കായി എത്തേണ്ടത്. കൗൺസിലിംഗ് ഉൾപ്പെടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് ഇവിടത്തെ ചികിത്സ. എസ്.എ.ടി.യിലെ റീപ്രൊഡക്ടീവ് മെഡിസിൻ വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ കൂടുതൽ ദമ്പതിമാർക്ക് ആശ്വാസമേകാൻ സാധിക്കും.



# ക്ഷീരമേഖലയിൽ നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കി: മന്ത്രി ചിഞ്ചുറാണി

**പത്തനംതിട്ട:** ക്ഷീരമേഖലയിൽ നിരവധി ക്ഷേമപദ്ധതികൾ സർക്കാർ നടപ്പാക്കിയതായി ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി. ജില്ലാ ക്ഷീരസംഗമത്തോടനുബന്ധിച്ച് പൊതുസമ്മേളനം കോട്ട ശ്രീദേവി ക്ഷേത്ര ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

നിരവധി പ്രതിസന്ധികൾ അതിജീവിച്ച് പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്താനുള്ള ശ്രമത്തിലാണ് സംസ്ഥാനം. കടുത്ത വെയിലും അസുഖവും മൂലം നിരവധി പശുക്കളാണ് മരണപ്പെട്ടത്. ഒരു പശുവിന് 37,500 രൂപ വരെ സഹായം നൽകി. കന്നുകുട്ടി പരിപാലന പദ്ധതിക്ക് 22 കോടി രൂപ വകയിരുത്തി. പഞ്ചായത്ത് കേന്ദ്രീകരിച്ച് 'ക്ഷീരഗ്രാമം' പദ്ധതി നടപ്പിലാക്കി. പഞ്ചായത്ത് എത്ര തുക മാറ്റിവയ്ക്കുന്നുവോ അത്രയും ക്ഷീരവികസന വകുപ്പും മുടക്കുന്നു. കന്നുകുട്ടി വളർത്തൽ പദ്ധതിക്കും സർക്കാർ സഹായമുണ്ട്.

പശുക്കൾക്ക് ഹെൽത്ത് കാർഡ് നൽകുന്ന 'ഇ സമൃദ്ധ' പദ്ധതിയുടെ തുടക്കം പത്തനംതിട്ടയിലായിരുന്നു. രാജ്യത്തിന് പോലും മാതൃകയായ പദ്ധതിയിൽ ഓരോ പശുക്കളുടെ കാതിലും 12 അക്ക നമ്പർ മൈക്രോചിപ്പ് പതിപ്പിക്കുന്നു. ഉടമസ്ഥനെ തിരിച്ചറിയാനും വാക്സിൻ വിവരങ്ങളടക്കം ഓൺലൈനിലൂടെ മനസിലാക്കാം. 21 ബ്ലോക്കുകളിൽ വെറ്ററിനറി ആംബുലൻസുകൾ സജ്ജമാക്കി. സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനാണ് ലക്ഷ്യം. 1962 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെട്ടാൽ ഡോക്ടർ ഉൾപ്പെടെ ആംബുലൻസ് വീട്ടിലെത്തും.

ക്ഷീര സാന്ത്വനം പദ്ധതിയിലൂടെയും സർക്കാർ ക്ഷീരകർഷകരെ സഹായിക്കുന്നു. ക്ഷീരകർഷകർക്കും അവരുടെ കുടുംബങ്ങൾക്കും ആരോഗ്യ, ലൈഫ് ഇൻഷുറൻസും കന്നുകാലികൾക്ക് പരിരക്ഷയും നൽകുന്നതാണ് പദ്ധതി. രണ്ടു ലക്ഷം രൂപ വരെ ഉറപ്പുനൽകുന്നു. മൂന്നുവർഷത്തിനുള്ളിൽ എല്ലാ ക്ഷീരകർഷകർക്കും സമഗ്ര ഇൻഷുറൻസ് പദ്ധതി ഉറപ്പാക്കാനാണ് സർക്കാരിന്റെ ശ്രമമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനം ഏറെ പ്രശംസനീയമാണെന്ന് അധ്യക്ഷ പ്രസംഗത്തിൽ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ് റിപ്പോർട്ട് അവതരിപ്പിച്ചു. ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ചെയർമാൻ വി പി ഉണ്ണികൃഷ്ണൻ, തിരുവനന്തപുരം മേഖല യൂണിയൻ ചെയർമാൻ മണി വിശ്വനാഥ്, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഒ ബി മഞ്ജു, ജനപ്രതിനിധികൾ, ക്ഷീരസംഘം അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# സ്പോർട്സ് സ്കൂൾ പ്രവേശന സെലക്ഷൻ ട്രയൽസ്

**കാസർകോട്:** സംസ്ഥാന കായിക യുവജനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിലേക്കും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിലേക്കും സ്പോർട്സ് അക്കാദമികളിലേക്കുമുള്ള സെലക്ഷൻ ട്രയൽസ് ആരംഭിച്ചതായി കായിക വകുപ്പ് അറിയിച്ചു. കായിക വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലേക്കും സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള വിവിധ സ്കൂളുകൾ, സ്പോർട്സ് അക്കാദമികളിലേക്കുമാണ് സെലക്ഷൻ ട്രയൽസ് നടക്കുന്നത്. 6, 7, 8, പ്ലസ് വൺ ക്ലാസ്സുകളിലേക്ക് നേരിട്ടാകും സെലക്ഷൻ. 9, 10 ക്ലാസ്സുകളിൽ ഒഴിവുള്ള സീറ്റുകളിൽ ലാറ്ററൽ എൻട്രിയിലൂടെയാണ് പ്രവേശനം.അത്‌ലറ്റിക്സ്, ബാസ്ക്കറ്റ് ബോൾ, ബോക്സിങ്, ഹോക്കി, ജൂഡോ, വോളിബോൾ, റെസ്ലിങ് എന്നീ കായിക ഇനങ്ങളിലേക്ക് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സെലക്ഷൻ നടത്തും. ഫുട്ബോളിലും തയ്ക്കൊണ്ടോയിലും പെൺകുട്ടികൾക്ക് മാത്രമാകും അവസരം. ഫുട്ബോൾ ആൺകുട്ടികളുടെ സെലക്ഷൻ പിന്നീട് നടത്തുമെന്നും കായിക വകുപ്പ് അറിയിച്ചു.

6, 7 ക്ലാസ്സുകളിലേക്കുള്ള കുട്ടികളെ കായികക്ഷമതയുടെ അടിസ്ഥാനത്തിലാകും തിരഞ്ഞെടുക്കുക. 8, പ്ലസ് വൺ ക്ലാസ്സുകളിലേക്ക് കായിക ക്ഷമതയ്ക്കൊപ്പം അതാത് കായിക ഇനത്തിലെ മികവിന്റെ അടിസ്ഥാനത്തിൽ കൂടിയാകും അവസരം ലഭിക്കുക. സംസ്ഥാന തലത്തിൽ മെഡൽ നേടിയവർക്കും തത്തുല്യ പ്രകടനം കാഴ്ചവച്ചവർക്കും മാത്രമേ 9, 10 ക്ലാസ്സുകളിലേക്കുള്ള ലാറ്ററൽ എൻട്രി ട്രയൽസിൽ പങ്കെടുക്കാനാകൂ.ട്രയൽസിൽ മികവ് തെളിയിക്കുന്ന വിദ്യാർഥികൾക്ക് ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കുന്ന ഒരാഴ്ച നീണ്ടുനിൽക്കുന്ന അസസ്മെന്റ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിക്കും. ക്യാമ്പിലെ പ്രകടനത്തിന്റെയും പരീക്ഷകളുടേയും അടിസ്ഥാനത്തിലാകും വിദ്യാർഥികൾക്ക് വിവിധ ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിക്കുക.കാസർക്കോട് ജില്ലയിലെ സെലക്ഷൻ ട്രയൽസ് ഈ മാസം 19ന് നീലേശ്വരം ഇ എം എസ് സ്റ്റേഡിയത്തിൽ നടക്കും.സെലക്ഷനിൽ പങ്കെടുക്കാൻ എത്തുന്ന വിദ്യാർഥികൾ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും ആധാർ കാർഡും രണ്ട് പാസ്പോർട്ട് സൈസ്സ് ഫോട്ടോഗ്രാഫും അവർ പങ്കെടുക്കുന്ന കായിക ഇനങ്ങൾക്കുള്ള വേഷങ്ങളുമായി രാവിലെ 9.00 മണിക്ക് ട്രയൽസ് നടക്കുന്ന സ്റ്റേഡിയത്തിൽ എത്തണം. വിദ്യാർഥികൾക്ക് അവരുടെ സൗകര്യമനുസരിച്ച് മറ്റു ജില്ലകളിലെ സെലക്ഷൻ നടക്കുന്ന ഏത് സ്റ്റേഡിയത്തിൽ വേണമെങ്കിലും എത്താമെന്നും കായിക വകുപ്പ് അറിയിച്ചു. റ്യമ.സല്യമഹമ.ഴ്.ശി എന്ന് വെബ്സൈറ്റിൽ സെലക്ഷൻ ട്രയൽസിന്റെ കൂടുതൽ വിവരങ്ങൾ ലഭ്യമാണ്.

# അന്തർ സർവ്വകലാശാല ചാവറ പ്രസംഗ മത്സരം

**കൊച്ചി:** കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ നവോത്ഥാനത്തിന് തുടക്കം കുറിച്ച വിശുദ്ധ ചാവറ കുരിയാക്കോസ് ഏലിയാസ് പിതാവിന്റെ മഹത്തായ ആദർശങ്ങളും സമഗ്ര വീക്ഷണവും വിദ്യാർഥികളിലേക്കു എത്തിക്കുക, പ്രഗത്ഭരായ പ്രാസംഗികരെ കണ്ടെത്തുക,നേതൃത്വ വാസന പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിക്കുന്ന 34 മത് അന്തർ സർവ്വകലാശാല ചാവറ പ്രസംഗ മത്സരം ജനുവരി 25 ശനിയാഴ്ച രാവിലെ 10 മണി മുതൽ കൊച്ചി ചാവറ കൾച്ചറൽ സെന്ററിൽ നടത്തുന്നു.

ചാവറ പിതാവിനുശേഷം കേരള നവോത്ഥാന നായകരിൽ അഗ്രിമ സ്ഥാനം അലങ്കരിക്കുന്ന ശ്രീനാരായണ ഗുരുവിൻറെ ദർശനങ്ങളെ ആസ്പദമാക്കി ' കേരള നവോത്ഥാന ചരിത്രം ശ്രീനാരായണ ഗുരുവിലൂടെ ' എന്നതാണ് ഇത്തവണത്തെ പ്രസംഗ വിഷയം. പ്രസംഗ സമയം 5 മിനിറ്റ് . ഒരു കോളേജിൽ നിന്നും 2 വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. തിരുവനന്തപുരം,എറണാകുളം, മലബാർ എന്നിങ്ങനെ മൂന്ന് മേഖലകളിയി തിരിച്ചാണ് മത്സരം നടത്തുന്നത് .ഒന്നാം സമ്മാനം 20,000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും, രണ്ടാം സമ്മാനം 15,000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും, മൂന്നാം സമ്മാനം 10,000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നു. കൂടാതെ മികച്ച 6 പേർക്ക് 1000 രൂപ വീതം പ്രോത്സാഹനസമ്മാനമായും നൽകുന്നു.

പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റും യാത്രാചിലവിനായി 250 രൂപയും നൽകുന്നതാണ്. കേരളത്തിലെ അംഗീകൃത സർവ്വകലാശാലകളുടെ കീഴിലുള്ള എല്ലാ കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ മുൻകൂട്ടി പേര് രെജിസ്റ്റർ ചെയ്യേണ്ടതാണ്.രജിസ്ട്രേഷൻ ചെയ്യേണ്ട അവസാന തീയതി 2025 ജനുവരി 22 വരെ നീട്ടിയിരിക്കുന്നു . വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും (സൗജന്യം) വാട്സാപ്പ് : 9400068686,9400068680 ,9495172011

# ടെണ്ടർ ക്ഷണിച്ചു

**കൊല്ലം:** അഞ്ചൽ അഡീഷണൽ ഐസിഡിഎസ് ഓഫീസിന്റെ ഉപയോഗത്തിനായി 202425 സാമ്പത്തിക വർഷം കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് നൽകുന്നതിന് തയ്യാറുള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച കവറുകളിൽ ടെണ്ടർ ക്ഷണിച്ചു.

ടെണ്ടർ ജനുവരി 30 ഉച്ചയ്ക്ക് ഒരു മണിവരെ സ്വീകരിക്കും. ടെണ്ടർ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ കുളത്തുപ്പുഴയിൽ പ്രവർത്തിക്കുന്ന അഞ്ചൽ അഡീഷണൽ ഐസിഡിഎസ് ഓഫീസിൽ നിന്നും അറിയാം. ഫോൺ: 8075016432.

## പട്ടികവർഗ യുവജന വിനിമയ പരിപാടി ഇന്നുമുതൽ

**കൊച്ചി:** കേന്ദ്ര ആഭ്യന്തര മന്ത്രാലയം,യുവജനകാര്യ കായിക മന്ത്രാലയം നെഹ്റു യുവ കേന്ദ്ര സംഘാതൻ എന്നിവ സംയുക്തമായി മേരാ യുവ ഭാരതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പതിനാറാമത് ആദിവാസി യുവജന സാംസ്കാരിക വിനിമയ പരിപാടി ജനുവരി 20 മുതൽ 26 വരെ എറണാകുളം ഗവണ്മെന്റ് യൂത്ത് ഹോസ്റ്റലിൽ സംഘടിപ്പിക്കും . കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ 20 ന് വൈകീട്ട് 05.30 ന് പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കും.

തുടർന്ന് വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കലാ പരിപാടികൾ അരങ്ങേറും.ഝാർഖണ്ഡ്, ഛത്തീസ്ഗഡ് , മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ 200 യുവതി യുവാക്കളാണ് ഒരാഴ്ച്ച നീണ്ടു നിൽക്കുന്ന പരിപാടിയിൽ പങ്കെടുക്കുന്നത്. ഇവരോടൊപ്പം സി.ആർ.പി. എഫ്, ബി എസ്.എഫ്, എസ്.എസ്. ബി എന്നിവയിലെ 20 ഉദ്യോഗസ്ഥരും സംഘത്തെ അനുഗമിക്കുന്നുണ്ട്.പിന്നോക്ക മേഖലകളിലെ ഗിരിവർഗ്ഗ യുവ ജനങ്ങൾക്ക് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാനും രാഷ്ട്ര നിർമ്മാണ പരിപാടികളിൽ അവരെ പങ്കാളികളാക്കിക്കൊണ്ട് മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ഉദ്ദേശിച്ചാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ സഹകരണത്തോടെ പരിപാടി സംഘടിപ്പിക്കുന്നത്.വിവിധ വിഷയങ്ങളെ അധികരിച്ചുള്ള ക്ലാസുകൾക്ക് പുറമെ സംഘാംഗങ്ങൾ നേവൽ ബേസ്, റീജിയണൽ സ്പോർട്സ് സെന്റർ, കൊച്ചിൻ ഷിപ്യാർഡ്, മട്ടാഞ്ചേരി, ഹിൽ പാലസ് മ്യൂസിയം, മറൈൻ ഡ്രൈവ്, വാട്ടർ മെട്രോ എന്നിവിടങ്ങൾ കാണാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. സമാപനസമ്മേളനം കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും.

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടേഷൻ

**തിരുവനന്തപുരം:** പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സിസ്റ്റം മാനേജർ, സീനിയർ സൂപ്രണ്ട്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സർക്കാർ സർവീസിലോ സ്വയംഭരണ സ്ഥാപനങ്ങളിലോ തത്തുല്യ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം.

ജീവനക്കാർ അപേക്ഷയും കെ.എസ്.ആർ 144 അനുസരിച്ചുള്ള പ്രൊഫോർമയും ബയോഡാറ്റയും വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ ഓഫീസ് മേലധികാരികൾ മുഖേന ജനുവരി 31നകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാംനില), തമ്പാനൂർ, തിരുവനന്തപുരം1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം. വിശദവിവരങ്ങൾ www.cee-kerla.org യിൽ ലഭിക്കും.

## തൊഴിൽ പരിശീലനം

എറണാകുളം ജില്ലയിലെ ത്രിതല പഞ്ചായത്ത് എൽ എസ് ജി ഡി ഓഫീസുകളിൽ ടെക്/ഡിപ്ലോമ/ഐടിഐ സിവിൽ എൻജിനീയറിംഗ് യോഗ്യതയുള്ള പട്ടികജാതി യുവതീ യുവാക്കളെ രണ്ടു വർഷത്തേക്കു പരിശീലനത്തിനായി നിയോഗിക്കുന്നു. 18 നും 40 നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ജനുവരി 22 ന് കാക്കനാട് സിവിൽ സ്റ്റേഷനിൽ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ജാതി, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നേരിട്ട് ഹാജരാകണം. ഫോൺ: 0484 2422256 8547115704



# കെട്ടിട സമുച്ചയം നാടിനു സമർപ്പിച്ചു

**കൊച്ചി:** ടി.ജെ വിനോദ് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 59 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മാണം പൂർത്തിയാക്കിയ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ 11ാം വാർഡിൽ ചിറ്റൂർ ഫെറിക്കടുത്ത് കോളരിക്കൽ ജംങ്ഷനിൽ സ്ഥിതിചെയുന്ന 70ാം നമ്പർ അങ്കണവാടി, പകൽ വീട്, സംസ്കാരിക നിലയം എന്നിവയുടെ ഉദ്ഘാടനം ഹൈബി ഈഡൻ എം.പി നിർവ്വഹിച്ചു.ഇരു നിലകളിലായി 1800 സ്ക്വ.ഫീ സ്ഥിതി ചെയുന്ന കെട്ടിടത്തിൽ മുകൾ നിലയിൽ പകൽ വീടും, സാംസകാരിക നിലയവും താഴത്തെ നിലയിൽ ആധുനീക രീതിയിൽ പണി തീർത്ത ശിശു സൗഹൃദ പ്രോട്ടോകോൾ പാലിച്ചുകൊണ്ടുള്ള, വർണ്ണാഭമായ ചിത്രപ്പണികളോടുകൂടിയ ഭിത്തികൾ ഉൾപ്പടെയുള്ള രണ്ടു ഹാളുകളോടും ടോയ്ലറ്റ്, കിച്ചൻ സൗകര്യത്തോടും കൂടിയ അംഗൻവാടിയുമാണ് നിർമ്മിച്ചിട്ടുള്ളത്.ടി.ജെ. വിനോദ് എം.എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേഷ്, വൈസ് പ്രസിഡണ്ട് ആരിഫാ മുഹമ്മദ്, ചെയർമാൻ ഷിമ്മി ഫ്രാൻസീസ്, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ സ്മിത സ്റ്റാൻലി, രാജു ആഴിക്കകത്ത്, ലിസി വാര്യത്ത് പഞ്ചായത്തംഗങ്ങളായ വിൻസി ഡേറീസ്, രമ്യ തങ്കച്ചൻ, റിനി ഷോബി, മിനി വർഗ്ഗീസ്, ഷീജ പി.കെ. ടി.ആർ ഭരതൻ, ബെന്നി ഫ്രാൻസീസ്, കെ.ജെ.ജെയിംസ്, പഞ്ചായത്ത് സെക്രട്ടറി ഷംന, ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സുനിത, സി.ഡി.പി.ഒ മിനി, ബീന ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.കെട്ടിട സമുച്ചയ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സൗജന്യമായി അനുവദിച്ചു നൽകിയ കണവള്ളിൽ രാമൻ മേനോൻ, മാങ്കായിൽ ശാരദാമ്മ തുടങ്ങിയവരുടെ കുടുബാംഗങ്ങളെയും അംഗൻവാടിയിൽ ദീർഘകാലം ടീച്ചറായിരുന്ന ഗിരിജയേയും ആദരിച്ചു.

# കാഴ്ചപരിമിതിയുള്ള വനിതകളുടെ ദേശീയ ടി20 ക്രിക്കറ്റ്: മധ്യപ്രദേശിന് കിരീടം

**കൊച്ചി:** കാഴ്ചപരിമിതിയുള്ള വനിതകളുടെ ഇൻഡസ്ഇൻഡ് ബാങ്ക് ദേശീയ ടി20 ക്രിക്കറ്റ് ടൂർണമെന്റിൽ കർണാടകയെ കീഴടക്കി മദ്ധ്യപ്രദേശ് കിരീടം സ്വന്തമാക്കി. തൃപ്പൂണിത്തുറ പാലസ് ഓവൽ ഗ്രൗണ്ടിൽ നടന്ന അവസാന ഓവർ വരെ ആവേശം നിറഞ്ഞ ഫൈനൽ മത്സരത്തിൽ കർണാടകയെ 4 റൺസിന് പരാജയപെടുത്തിയാണ് മദ്ധ്യപ്രദേശ് ചാമ്പ്യന്മാരായത്. ടോസ് നേടിയ കർണാടക മദ്ധ്യപ്രദേശിനെ ആദ്യം ബാറ്റിങ്ങിനയച്ചു. നിശ്ചിത 20 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ മദ്ധ്യപ്രദേശ് 154 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ കർണാടകയ്ക്ക് 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 150 റൺസ് എടുക്കാനെ സാധിച്ചുള്ളു. മദ്ധ്യപ്രദേശിനായി 45 റൺസ് നേടി ടോപ് സ്കോററാവുകയും ഒരു വിക്കറ്റ് സ്വന്തമാക്കി മികച്ച ബൗളിംഗ് പ്രകടനവും നടത്തിയ സുനിത സ്രാത്തെയാണ് പ്ലയെർ ഓഫ് ദി മാച്ച്. ടൂർണമെന്റിൽ കൂടുതൽ റൺസും വിക്കറ്റും സ്വന്തമാക്കിയ സുനിത സ്രാത്തെ തന്നെയാണ് പ്ലയെർ ഓഫ് ദി ടൂർണമെന്റും.

ഒരാഴ്ചയായി കൊച്ചിയിൽ വിവിധ വേദികളിലായി നടന്ന ദേശിയ ടൂർണമെന്റിൽ 19 ടീമുകൾ പങ്കെടുത്തു. വിജയികൾക്കുള്ള പുരസ്കാര ചടങ്ങിൽ ഉന്നതവിദ്യാഭ്യാസ, സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു മുഖ്യാതിഥിയായി. ലോക ബ്ലൈൻഡ് ക്രിക്കറ്റ് കൗസിലിന്റെ (ഡബ്ല്യൂ.ബി.സി.സി) സെക്രട്ടറി ജനറൽ രജനീഷ് ഹെന്റി, ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ ഇന്ത്യയ പ്രസിഡണ്ട് ബുസ ഗൗഡ, ഡോ. ബിന്ദു ശിവശങ്കരൻ നായർ, ഇൻഡസ്ഇൻഡ് ബാങ്ക് സിഎസ്ആർ പ്രോഗ്രാം ലീഡ് ഋതുരാജ് ടെൽകർ, സമർത്തനം ട്രസ്റ്റ് ഫോർ ഡിസേബിൾഡിന്റെ സിഎഫ്ഓ അഞ്ജനപ്പ മുത്തപ്പ എന്നിവർ പങ്കെടുത്തു.

# വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് ഉൽപ്പന്ന ഉപയോഗങ്ങൾക്ക് പിഴ ചുമത്തി

**കാസർകോട്:** ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിലും പരിസരങ്ങളിലും ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ (ഡിസ്പോസിബിൾ പ്ലേറ്റ്, ഗ്ലാസ് മുതലായവ) ഉപയോഗിക്കുന്നത് കണ്ടെത്തുന്നതിനായി ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് വ്യാപകമായ പരിശോധന നടത്തുന്നു. കുമ്പള ഗ്രാമപഞ്ചായത്തിലെ നാങ്കി,കൊപ്പള്ളം കടലോരത്തുള്ള ഹോം സ്റ്റേയിൽ നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നത് കണ്ടെത്തിയതിനെത്തുടർന്ന് ഉടമയ്ക്ക് 10000 രൂപ പിഴചുമത്തി. ബീച്ചിന് സമീപത്തെ കടയുടെ പരിസരം വൃത്തിയായി സൂക്ഷിക്കാതിരുന്നതിന് കടയുടമയ്ക്ക് 2000 രൂപയും വിവാഹ പാർട്ടികളിൽ നിന്നും മറ്റും ശേഖരിച്ച മാലിന്യങ്ങൾ സ്വന്തം പറമ്പിൽ അശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്തതിന് സ്വകാര്യ വ്യക്തിയിൽ നിന്നും 2500 രൂപയും പിഴ ഈടാക്കി.

പരിസരത്തെ റിസോർട്ടുകളിലും സ്ഥാപനങ്ങളിലും പരിശോധന നടത്തി. കാസർകോട് കാർണിവൽ നടത്തിയ സ്ഥലത്ത് ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും മാലിന്യങ്ങളും കൂട്ടിയിട്ടത് കണ്ടെത്തിയതിനെ തുടർന്ന് സംഘാടകർക്ക് മുനിസിപ്പാലിറ്റി മുഖേന 10000 രൂപ ചുമത്തിയിട്ടുണ്ട്. ജില്ലയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും വ്യത്യസ്ത സ്ക്വാഡുകൾ പരിശോധന നടത്തും. പരിശോധനയിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ലീഡർ കെ.വി മുഹമ്മദ് മദനി ഹെൽത്ത് ഇൻസ്പെക്ടർ കെ.സുജന, പി.വി സൗമ്യ സ്ക്വാഡ് അംഗം ഇ.കെഫാസിൽ എന്നിവർ പങ്കെടുത്തു.

## അമൃതയിൽ സൈറ്റോജെനെറ്റിക്സ് ലാബ് വാർഷികം

**കൊച്ചി:** അമൃത ആശുപത്രിയിലെ സൈറ്റോജെനെറ്റിക്സ് ലാബിന്റെ ഇരുപതാം വാർഷികം ആഘോഷിച്ചു. ജനിതക പരിശോധനകൾക്കായി അമൃത സ്കൂൾ ഓഫ് മെഡിസിനിൽ 20 വർഷം മുമ്പ് പ്രവർത്തനമാരംഭിച്ച സൈറ്റോജെനെറ്റിക്സ് ലാബിൽ ഡൗൺ സിൻഡ്രോം ഉൾപ്പെടെ ക്രോമസോം തകരാറുകളാൽ ഉണ്ടാകുന്ന ജനിതക രോഗങ്ങൾ കണ്ടെത്താനുള്ള കാര്യോടൈപ്പിംഗ്, ഫിഷ്, മൈക്രോ അറേ മുതലായ പരിശോധനകൾ നടന്നുവരുന്നു.

പാരമ്പര്യ രോഗങ്ങൾ, ക്യാൻസറുകൾ, മറ്റു ജനിതക രോഗങ്ങൾ ഉൾപ്പെടെ വിവിധതരം സാമ്പിളുകളുടെ പരിശോധന ഒരു കുടക്കീഴിൽ ലഭ്യമാകുന്ന കേരളത്തിലെ ഒരേയൊരു സൈറ്റോജെനെറ്റിക്സ് പരിശോധനാ കേന്ദ്രമാണ് അമൃതയിലേതെന്ന് സൈറ്റോജെനെറ്റിക്സ് വിഭാഗം മേധാവിയും അമൃത ആശുപത്രി ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ടുമായ ഡോ. വിദ്യാ ഝാ പറഞ്ഞു.

ക്രോമസോം വിശകലനത്തിൽ 'ജീനോമിക് മൈക്രോ അറേ' മുതലായ അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്ന രാജ്യത്തെ തന്നെ അപൂർവം കേന്ദ്രങ്ങളിൽ ഒന്നാണിത്.

സമ്പൂർണ്ണമായ ജീനോം പരിശോധനക്കായി അത്യാധുനിക നെക്സ്റ്റ് ജനറേഷൻ സീക്വൻസിംഗ് സംവിധാനവും ഇവിടെയുണ്ട്.വാർഷികാഘോഷ ചടങ്ങിൽ അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ.പ്രേം നായർ ആശംസകൾ അർപ്പിച്ചു. ലാബിലെയും അനുബന്ധ വിഭാഗങ്ങളിലെയും ഡോക്ടർമാർക്കും ശാസ്ത്രജ്ഞർക്കും ആരോഗ്യ പ്രവർത്തകർക്കും അദ്ദേഹം ഉപഹാരങ്ങൾ നൽകി.

പ്രൊഫ. എം. വി. തമ്പി, ഡോ. ഷീലാ നമ്പൂതിരി, ഡോ. വിവേക് കൃഷ്ണൻ, ഡോ. വി. അനിൽകുമാർ, ഡോ. ധന്യ യശോധരൻ, ഡോ. നീരജ് സിദ്ധാർഥൻ, ഡോ. സജിത കൃഷ്ണൻ, ഡോ. സീതാലക്ഷ്മി, ഡോ. വിദ്യാ ഝാ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.ജന്മനാലും, വളർച്ചാപരമായും, പാരമ്പര്യമായും ഉണ്ടാകുന്ന ജനിതക വൈകല്യങ്ങളുടെ രോഗനിർണയത്തിനും ചികിത്സാ പദ്ധതികളുടെ രൂപീകരണത്തിനും പുറമെ ധാരാളം ജനിതക ഗവേഷണങ്ങളും പഠനങ്ങളും സൈറ്റോജെനെറ്റിക്സ് ലാബിൽ നടന്നു വരുന്നു .

## അപേക്ഷകൾ ക്ഷണിക്കുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അപ്ലൈഡ് കെമിസ്ട്രി വകുപ്പിലെ പ്രൊഫസർ കെ ഗിരീഷ്കുമാറിന്റെ റിസർച്ച് ഗ്രൂപ്പായ അനലറ്റിക്കൽ സെൻസർ ഗ്രൂപ്പ്, അദ്ദേഹത്തിന്റെ റിട്ടയർമെന്റിനോട് അനുബന്ധിച്ച് പ്രഖ്യാപിച്ച പ്രൊഫസർ കെ ഗിരീഷ് കുമാർ എൻഡോവ്മെന്റ് ബെസ്റ്റ് തീസിസ് അവാർഡ് ഇൻ അനാലിറ്റിക്കൽ കെമിസ്ട്രിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ 2023 ജൂലൈ 1നും ജൂൺ 30നും ഇടയ്ക്ക് പിഎച്ച്ഡി യോഗ്യത നേടിയവർ ആയിരിക്കണം.

അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 31012025. വിജയ്ക്ക് 15,000/ രൂപ ക്യാഷ് പ്രൈസും സൈറ്റേഷനും ലഭ്യമാക്കും. അപേക്ഷ, യോഗ്യതാ മാനദണ്ഡങ്ങൾ എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് http://stateblue-herring-282088hostingersite.com/ANSEBest/ThesisAward എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# 2024 ൽ 17 ശതമാനം വളർച്ച നേടി ഡിപി വേൾഡ് കൊച്ചി

**കൊച്ചി:** സ്മാർട്ട് എൻഡ് ടു എൻഡ് സപ്ലൈ ചെയിൻ സൊലൂഷ്യൻസിന്റെ ആഗോള മുൻനിര സേവനദാതാക്കളായ ഡിപി വേൾഡിന്റെ കൊച്ചിയിലെ ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ( ഐസിടിടി) 2024ൽ മുൻവർഷത്തെ അപേക്ഷിച്ച് 17 ശതമാനം വളർച്ച കൈവരിച്ചു. 2024ൽ 840,564 ടിഇയു കൈകാര്യം ചെയ്താണ് ഡിപി വേൾഡ് കൊച്ചി എക്കാലത്തെയും ഉയർന്ന വ്യാപ്തി കൈവരിച്ചത്.ഡിപി വേൾഡ് പുതിയ എസ്ടിഎസ് ഷിപ്പ് ടു ഷോർ ക്രെയിനുകളും, ഇആർടിജിഎസ് സംവിധാനവും അവതരിപ്പിച്ചു, യാർഡ് സ്പേസ് വർദ്ധിപ്പിച്ച് ടെർമിനലിന്റെ ശേഷി ഏകദേശം 1.4 ദശലക്ഷം ടിഇയു ആയി വർദ്ധിപ്പിച്ച് ദക്ഷിണേന്ത്യയിലെയും കിഴക്കൻ ഇന്ത്യയിലെയും ഏറ്റവും വലിയ ടെർമിനലായി ഇതിനെ മാറ്റിയത്. ഇതോടൊപ്പം നവീകരിച്ച വൈദ്യുതി അടിസ്ഥാന സൗകര്യത്തിന്റെ പിന്തുണയോടെ, ഏറ്റവും ഉയർന്ന ഡിമാൻഡുള്ള സമയത്ത് പോലും വിശ്വസനീയവും ഉൽപ്പാദനക്ഷമവുമായ പ്രവർത്തനങ്ങൾ ഉറപ്പാക്കി. 2024ൽ, ഏകദേശം 657 കപ്പലുകളാണ് ടെർമിനൽ കൈകാര്യം ചെയ്തത്. കൂടാതെ, എംഎസ്‌സി അറോറയുടെ 6,157 ടിഇയു ചരക്ക് കൈകാര്യം ചെയ്തതിലൂടെ ഏറ്റവും വലിയ സിംഗിൾ വെസൽ കൈമാറ്റവും സാധ്യമാക്കി. 365 മീറ്ററിലധികം നീളമുള്ള യുഎൽസിവി (അൾട്രാ ലാർജ് കണ്ടെയ്നർ വെസ്സലുകൾ) കൈകാര്യം ചെയ്തതായി ഡിപി വേൾഡ് പോർട്ട്സ് ആൻഡ് ടെർമിനൽസ്, കൊച്ചി സിഇഒ പ്രവീൺ ജോസഫ് പറഞ്ഞു. ഈ വിജയം നിലനിർത്താനും വരും വർഷങ്ങളിൽ ഇതിലും മികച്ച നാഴികക്കല്ലുകൾ നേടിയെടുക്കാനും തങ്ങൾ പരിശ്രമിക്കുമെന്നും പ്രവീൺ ജോസഫ് പറഞ്ഞു.

ഡിപി വേൾഡിന്റെ ഐസിടിടി ഫാർ ഈസ്റ്റ്, തെക്കുകിഴക്കൻ ഏഷ്യ, മിഡിൽ ഈസ്റ്റ്, യൂറോപ്പ്/മെഡിറ്ററേനിയൻ, സിംഗപ്പൂർ ഉൾപ്പെടെയുള്ള പ്രധാന മേഖലകളിലേക്ക് നേരിട്ടുള്ള മെയിൻലൈൻ (മദർ വെസൽ) കണക്റ്റിവിറ്റി വാഗ്ദാനം ചെയ്യുന്നു. ഇതിലൂടെ ചരക്കിന്റെ 50% നേരിട്ട് മദർ വെസലുകളിൽ കൊണ്ടുപോകാൻ സാധിക്കുന്നു. തിരക്കേറിയ ഹബ്ബുകൾ ഒഴിവാക്കുന്നതിലൂടെ വേഗതയേറിയതും കൂടുതൽ വിശ്വസനീയവുമായ ഗതാഗത സമയവും ഉറപ്പുവരുത്തുന്നു. കൂടാതെ, ഐസിടിടി സിംഗപ്പൂർ, പോർട്ട് ക്ലാങ്, കൊളംബോ, ജബൽ അലി, മുന്ദ്ര തുടങ്ങിയ പ്രധാന ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബുകളിലേക്ക് പതിവായി കണക്ഷനുകൾ നൽകുന്നു.

ഡിപി വേൾഡ് കൊച്ചിൻ ടെർമിനലുമായി സഹകരിച്ച് 75,000 ചതുരശ്ര അടി വിസ്തീർണമുള്ള കൊച്ചിൻ ഇക്കണോമിക് സോണും ഡിപി വേൾഡ് ആരംഭിച്ചു. കേരളത്തിലെ ആദ്യത്തെ എഫ്ടിഡബ്ല്യുസെഡും ഒരു പ്രധാന തുറമുഖത്തിനുള്ളിലെ ഇന്ത്യയിലെ ആദ്യത്തെ സാമ്പത്തിക മേഖലയായ ഇത് കയറ്റുമതി ഇറക്കുമതി വ്യാപാരത്തെ പിന്തുണയ്ക്കുന്നതിനും കണ്ടെയ്നർ ടെർമിനലുമായി തടസ്സമില്ലാത്ത കണക്റ്റിവിറ്റി പ്രാപ്തമാക്കുന്നതിനും, ഒരു പ്രധാന വ്യാപാര ഗേറ്റ് വേ എന്ന നിലയിൽ ദക്ഷിണേന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുന്നതുമാണെന്നും അദ്ദേഹം വ്യക്തമാക്കി.

## ഭാരത് വാല്യു ഫണ്ടിൽ നിന്ന് ബിഗാസ് 161 കോടി രൂപ സമാഹരിച്ചു

**കൊച്ചി:** ആർആർ ഗ്ലോബൽ പ്രൊമോട്ട് ചെയ്യുന്ന ബിഗാസ് പ്രൈമറി, സെക്കണ്ടറി മൂലധനങ്ങളിലൂടെ 161 കോടി രൂപ സമാഹരിച്ചു. ഇത്തവണത്തെ ധനസമാഹരണത്തിൽ ഭാരത് വാല്യു ഫണ്ടാണ് (ബിവിഎഫ്) മുഴുവൻ നിക്ഷേപവും നടത്തിയത്. സീറോ എമിഷൻ വൈദ്യുത വാഹനങ്ങളിലൂടെ ഇന്ത്യൻ വാഹന മേഖലയിൽ വിപ്ലവം സൃഷ്ടിക്കാൻ ഒരുങ്ങുന്ന കമ്പനിയാണ് ബിഗാസ്. കമ്പനിയുടെ ഡീലർഷിപ്പ് നിലവിലെ 120ൽ നിന്ന് 500 ആയി ഉയർത്താനും ആയിരത്തിലേറെ ടച്ച് പോയിൻറുകൾ സ്ഥാപിക്കാനും പ്രതിവർഷ നിർമ്മാണ ശേഷി ഒരു ലക്ഷമായി വർധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ബിവിഎഫിൻറെ നിക്ഷേപം ഈ രംഗത്ത് കമ്പനിക്കു കൂടുതൽ ആത്മവിശ്വാസവും ശക്തിയും പകരും. പേഴ്സണൽ ഹൈജീൻ രംഗത്തുള്ള മില്ലേനിയം ബേബി കെയർ, സ്നാക്സ് രംഗത്തുള്ള ഹൽദീറാം, കൺസ്യൂമർ ഡ്യൂറബിൾ രംഗത്തെ അനികേത് മെറ്റൽസ് എന്നിവയിൽ ബിവിഎഫ് അടുത്തിടെ നിക്ഷേപങ്ങൾ നടത്തിയിരുന്നു.

പരിസ്ഥിതി അവബോധത്തോടെയുള്ള ബിസിനസുകളെ ശാക്തീകരിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഇപ്പോഴത്തെ നിക്ഷേപം ചൂണ്ടിക്കാട്ടുന്നതെന്ന് ബിവിഎഫ് സിഐഒ മധു ലുനാവത്ത് പറഞ്ഞു.ഏറ്റവും വലിയ അഞ്ച് വൈദ്യുത വാഹന സ്ഥാപനങ്ങളിൽ ഒന്നായി മാറാൻ ഈ നിക്ഷേപം തങ്ങളെ സഹായിക്കുമെന്ന് ബിഗാസ് സ്ഥാപകനും മാനേജിങ് ഡയറക്ടറുമായ ഹേമന്ത് കബ്ര ചൂണ്ടിക്കാട്ടി.

## വേൾഡ് ഫോറം ഓഫ് അക്കൗണ്ടന്റ്സ് ആഗോള സമ്മേളനം ഡൽഹിയിൽ

**ഡൽഹി/ കൊച്ചി:** ലോകത്തെ വൻകിട അക്കൗണ്ട്സ് സ്ഥാപനങ്ങളിലെ പ്രൊഫഷണലുകളുടെ ആഗോള സമ്മേളനം ഡൽഹിയിൽ ജനുവരി 31 മുതൽ ഫെബ്രുവരി 2വരെ നടക്കും. കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് ചടങ്ങ് ഉദ്ഘാടനം ചെയ്യും. ഇന്ത്യ ഇന്റർനാഷണൽ കൺവെൻഷൻ ആന്റ് എക്സിബിഷൻ സെന്ററിൽ നടക്കുന്ന സമ്മേളനത്തിൽ നാൽപതോളം രാജ്യങ്ങളിലെ 8000ലധികം പ്രതിനിധികൾ പങ്കെടുക്കും. 'സുസ്ഥിര ഭൂമിയ്ക്കായി ഉത്തരവാദിത്തത്തോടെയുള്ള നൂതനാശയങ്ങൾ' എന്നതാണ് ഇത്തവണത്തെ വിഷയം. രാജ്യത്തിന്റെ വികസനം, സാമ്പത്തിക വളർച്ച, സാമൂഹിക പുരോഗമനം, പാരിസ്ഥിതിക സുസ്ഥിരത, ഭരണ നിർവഹണം എന്നിങ്ങനെ വിവിധ തലങ്ങളിൽ ചർച്ചകൾ സംഘടിപ്പിക്കും. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പരിപാടിയിൽ ധനകാര്യമേഖലയിലെ പ്രമുഖർ വിവിധ സെഷനുകൾ കൈകാര്യം ചെയ്യും. കൂടാതെ, ഇന്റർനാഷണൽ അക്കൗണ്ടിംഗ് സ്ഥാപനങ്ങൾ, വാണിജ്യ ഗ്രൂപ്പുകൾ, അക്കൗണ്ടിംഗ് നയങ്ങൾ രൂപീകരിക്കുന്നവർ, സാമ്പത്തിക ശാസ്ത്രജ്ഞർ, ബിസിനസ് ലീഡേഴ്സ് എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കും.

## കെഫോൺ ഫോട്ടോഗ്രഫി കോണ്ടസ്റ്റ്: വിജയികളെ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ ഇന്റർനെറ്റ് കൊണ്ടുവന്ന മാറ്റങ്ങളെ അടിസ്ഥാനമാക്കി കെഫോൺ സംഘടിപ്പിച്ച ഗ്രാമീണ ഇന്റർനെറ്റ് ഫോട്ടോഗ്രഫി കോണ്ടസ്റ്റിലെ വിജയികളെ പ്രഖ്യാപിച്ചു. ഒന്നാം സമ്മാനം ശ്രീയേഷ്, മലപ്പുറം, രണ്ടാം സമ്മാനം അജിത്, ആലപ്പുഴ, മൂന്നാം സമ്മാനം റെജുമോൻ, മലപ്പുറം എന്നിവർ നേടി. പ്രായഭേദമന്യേ സംഘടിപ്പിച്ച മത്സരത്തിൽ ഒട്ടേറെപ്പേരാണ് പങ്കെടുത്തത്. കേരളത്തിലുടനീളമുള്ള ഗ്രാമപ്രദേശങ്ങളിലെ ചിത്രങ്ങൾ മത്സരത്തിനായി ലഭിച്ചു. തെരഞ്ഞെടുത്ത ഫോട്ടോകൾ കെഫോൺ ഫ്രെയിമോടു കൂടി കെഫോൺ സോഷ്യൽമീഡിയ പേജുകളിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ കൂടുതൽ റീച്ചും ലൈക്കും ലഭിച്ച മികച്ച ഫോട്ടോകളെയാണ് മത്സരത്തിൽ വിജയികളായി തെരഞ്ഞെടുത്തത്. വിജയികളായവർക്ക് സർപ്രൈസ് ഗിഫ്റ്റ് നൽകും. വിജയികളായി തെരഞ്ഞെടുത്ത ഫോട്ടോകൾ കെഫോൺ ഔദ്യോഗിക പേജുകളിൽ കാണാം. FB:https://www.facebook.com/KFONOfficial. Insta: https://www.instagram.com/kfonofficial/

## ഇന്റർനാഷണൽ ടെംപിൾ കൺവെൻഷൻ തിരുപ്പതിയിൽ

**തിരുപ്പതി:** ഇന്റർനാഷണൽ ടെംപിൾസ് കൺവെൻഷന്റെയും എക്സ്പോയുടെയും രണ്ടാം പതിപ്പ് ഫെബ്രുവരി 1719 തീയതികളിൽ തിരുപ്പതിയിൽ നടക്കും. 58 രാജ്യങ്ങളിൽ നിന്നുള്ള 1,580 ക്ഷേത്രങ്ങളുടെ പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുക്കും.

സുരക്ഷാ സംവധാനങ്ങൾ, സാമ്പത്തികം, സുസ്ഥിരത ഉൾപ്പെടെയുള്ള ക്ഷേത്ര ഭരണത്തിലെ പ്രധാനപ്പെട്ട കാര്യങ്ങളിലായിരിക്കും കൺവെൻഷൻ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് ടെംപിൾ കണക്റ്റിന്റെ സ്ഥാപകനായ ഗിരേഷ് കുൽക്കർണി പറഞ്ഞു.

കൺവെൻഷനിലൂടെ ക്ഷേത്രങ്ങളെ അറിവും പുതുമയും കൊണ്ട് ശാക്തീകരിക്കുകയും ഭക്തരുടെ അനുഭവം കൂടുതൽ മികച്ചതാക്കുകയും ചെയ്യും.

ക്ഷേത്രഭരണത്തിലെ സാങ്കേതിക വിദ്യയും നൂതനത്വവും മുൻനിർത്തി വിദഗ്ധരുടെ നേതൃത്വത്തിൽ ചർച്ചകൾ, ശിൽപശാലകൾ, മാസ്റ്റർക്ലാസ്സുകൾ എന്നിവ കൺവെൻഷനിൽ നടക്കും. 2025 ജനുവരി 31 വരെ രജിസ്ട്രേഷൻ നടത്താം.

## കേരളം ശ്രമിക്കുന്നത് പരമാവധി വ്യവസായങ്ങൾ ആകർഷിക്കാനെന്ന് മന്ത്രി പി. രാജീവ്

**കൊച്ചി:** കേരളം ശ്രമിക്കുന്നത് പരമാവധി വ്യവസായങ്ങൾ ആകർഷിക്കാനെന്ന് മന്ത്രി പി. രാജീവ്. കേരളം മൊത്തത്തിൽ ഒരു നഗരമായി മാറിക്കഴിഞ്ഞുവെന്നും സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപകമായി വ്യവസായങ്ങൾ എത്തുന്നത് ഒറ്റ നഗരമെന്ന സങ്കൽപത്തിലാണെന്നും വ്യവസായ മന്ത്രി പി. രാജീവ്. കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു രാജീവ്.

മാറ്റങ്ങൾക്ക് അനുസൃതമായി അടിസ്ഥാന സൗകര്യ വികസനം ശക്തിപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്.

കേരളത്തിന്റെയും സംരംഭക സമൂഹത്തിന്റെയും ആവശ്യമായിരുന്നു അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺവെൻഷൻ സെന്റർ.

മൂന്നു നിലകളിലായി 51,715 ചതുരശ്രയടി വിസ്തീർണമുള്ള കൺവെൻഷൻ സെന്ററിൽ 640 പേർക്ക് ഇരിക്കാവുന്ന എയർകണ്ടിഷൻഡ് കൺവെൻഷൻ ഹാൾ, മീറ്റിംഗ് ഹാൾ, മിനി കോൺഫറൻസ് റൂം ,ഒരേ സമയം 300 പേർക്ക് വരെ ഭക്ഷണം നൽകാൻ കഴിയുന്ന ഡൈനിങ്ങ് ഏരിയ തുടങ്ങി എല്ലാ സജ്ജീകരണങ്ങളും വൻകിട സമ്മേളന സെന്ററുകളുടെ സൗകര്യങ്ങളോടു കിട പിടിക്കുന്ന തരത്തിലാണ് കൺവെൻഷൻ സെന്റർ സജ്ജമാക്കിയിട്ടുള്ളത്.

നിക്ഷേപകരെ ഇവിടേക്കു കൊണ്ടുവരുന്നതിനും സമഗ്രമായ വ്യവസായ വികസനം സാധ്യമാക്കുന്നതിനും വിവിധ കോൺക്ലേവുകളും റോഡ് ഷോകളും ഉൾപ്പെടെ അൻപതോളം പരിപാടികളുടെ നിരയാണ് വരുന്നതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

ഏറ്റവുമധികം പഞ്ചനക്ഷത്ര ഹോട്ടലുകളുള്ള സംസ്ഥാനമാണ് കേരളമെങ്കിലും രാജ്യാന്തര കോൺഫറൻസുകളും മറ്റും വരുമ്പോൾ ഇവിടെ സൗകര്യങ്ങൾ തികയാത്ത സ്ഥിതിയുണ്ട്. വിനോദസഞ്ചാര സീസൺ ആണെങ്കിൽ താമസസൗകര്യം കണ്ടെത്തൽ ബുദ്ധിമുട്ടാണ്. ഇതിനൊക്കെ പരിഹാരമായി ഇനിയും ഇത്തരം കൺവെൻഷൻ സെന്ററുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കൂടുതലായി ഒരുക്കേണ്ടതുണ്ടെന്നും കിൻഫ്ര പോലുള്ള ഏജൻസികൾ അതിനു മുൻകയ്യെടുക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് അധ്യക്ഷത വഹിച്ചു. എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് ചെയർമാൻ സാബു ജോർജ്, തൃക്കാക്കര മുനിസിപ്പൽ കൗൺസിലർ എം.ഒ. വർഗീസ്, എഫ് ഐ സി സി ഐ കേരള സ്റ്റേറ്റ് കൗൺസിൽ മുൻ ചെയർമാൻ ദീപക് എൽ അശ്വനി, യു എൽ സി സി എസ് സിഇഒ അരുൺ ബാബു, കെഎസ്എസ്ഐഎ വൈസ് പ്രസിഡന്റ് പി.ജെ.ജോസ്, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക് ചെയർമാൻ ബേബി ഉഴുത്തുവാൽ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, പ്രൊജക്ട്സ് ജനറൽ മാനേജർ ഡോ ടി ഉണ്ണികൃഷ്ണൻ , പ്ലാനിംഗ് ആന്റ് ബിസിനസ് ഡവലപ്മെന്റ് ജനറൽ മാനേജർ റ്റി ബി അമ്പിളി എന്നിവർ പങ്കെടുത്തു.

## ഉൽപാദന മേഖലയ്ക്ക് പ്രാമുഖ്യം നൽകി പദ്ധതി നടപ്പാക്കണം

**പത്തനംതിട്ട:** ഉൽപാദന മേഖലയ്ക്ക് പ്രാധാന്യം നൽകിവേണം പദ്ധതികൾ നടപ്പാക്കേണ്ടതെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു. കൊടുമൺ ഗ്രാമപഞ്ചായത്ത് വികസന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ. ശ്രീധരൻ അധ്യക്ഷനായി. വൈസ് പ്രസിഡന്റ് ധന്യാദേവി, എ .വിപിൻ കുമാർ, കുഞ്ഞന്നാമ്മകുഞ്ഞ്, അഡ്വ. ആർ. ബി. രാജീവ് കുമാർ, പുഷ്പലത, അഡ്വ : സി. പ്രകാശ്, സേതു ലക്ഷ്മി , സൂര്യകലാ ദേവി, ജയ,രേവമ്മ വിജയൻ, ജിതേഷ് കുമാർ, അജികുമാർ രണ്ടാംകുറ്റി, എ. വിജയൻ നായർ, എ.ജി. ശ്രീകുമാർ, രതീദേവി, അഞ്ജന ബിനുകുമാർ, പി.എസ്. രാജു, കെ.കെ.അശോക് കുമാർ എന്നിവർ പങ്കെടുത്തു.



# യാര ഇന്ത്യ ഏലം കർഷകരെ ശാക്തീകരിക്കുന്നു

**കൊച്ചി :** ഏലത്തിന്റെ 78% ഉൽപ്പാദനവും കേരളത്തിലെ മലയോര ജില്ലകളിൽ ആണുള്ളത്. തലമുറകളായി ഏലം കൃഷിയിലൂടെ ഇടുക്കിയിലെ കർഷകർ ഇന്ത്യയുടെ ആഗോള ആധിപത്യത്തിനും സുഗന്ധവ്യഞ്ജന വിപണിയിൽ പ്രസക്തമായ സംഭാവനകൾ നൽകുന്നവരാണ്. എന്നാൽ, അടുത്തകാലത്തെ പ്രതിസന്ധികൾ ഇവരുടെ ജീവിതത്തിലേക്കും കൃഷിയിലേക്കും കടന്നു വന്നു. 122 ദിവസത്തെ കടുത്ത  വരൾച്ചയെ തുടർന്നുണ്ടായ കനത്ത മഴയും കാറ്റും വിളയുടേയും മണ്ണിന്റെയും ഗുണനിലവാരം തകിടം മറിച്ചപ്പോൾ, കർഷകരുടെ പ്രതീക്ഷകൾ മങ്ങിത്തുടങ്ങി.ഈ വെല്ലുവിളികൾക്കു മറുപടിയായായാണ് യാര ഇന്ത്യയുടെ 'സമീകൃത പോഷകാഹാര പദ്ധതികൾ' നടപ്പാക്കിയത്. എലചെടികളുടെ വളർച്ച മുരടിക്കുകയും പൂക്കൾ അടർന്നുവീഴുകയും വിളയുടെ ഗുണനിലവാരം തകരുകയും ചെയ്ത അവസ്ഥയിൽ, യാരാ വിറ്റ സിൻട്രാക്, യാരാ വിറ്റ ബോർട്രാക് തുടങ്ങിയ സമീകൃത പ്രയോഗങ്ങളിലൂടെ മണ്ണിലെ പോഷകങ്ങളുടെ അഭാവം പരിഹരിക്കുകയും, യാരാ വിറ്റ സ്റ്റോപ്പിറ്റ് ഉപയോഗിച്ച് കീട രോഗ ബാധകൾ നിയന്ത്രിക്കുകയും ചെയ്തു.

# ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോ കൊച്ചിയിൽ

**കൊച്ചി:** രാജ്യത്തെ പ്രമുഖ ബോട്ടിംഗ്, മറൈൻ, വാട്ടർസ്പോർട്സ് വ്യവസായങ്ങളുടെ പ്രദർശനമായി വളർന്ന ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോയുടെ (ഐബിഎംഎസ്) ഏഴാമത് പതിപ്പ് കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ ജനുവരി 22 മുതൽ 24 വരെ നടക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.റിക്രിയേഷനൽ, ലീഷർ ബോട്ടിംഗ് വിപണിയിൽ നിന്നുള്ള സ്പീഡ്ബോട്ടുകൾ, മറൈൻ എൻജിനുകൾ, നാവിഗേഷനൽ സിസ്റ്റങ്ങൾ, മറ്റ് സേവനദാതാക്കൾ തുടങ്ങി ഈ രംഗത്തെ മുഴുവൻ വ്യവസായ മേഖലകളിൽ നിന്നുമുള്ളവർ ഐബിഎംസിന്റെ ഏഴാമത് പതിപ്പിൽ പങ്കെടുക്കും. ബോട്ടുകൾ, മറൈൻ ഉപകരണങ്ങൾ എന്നിവയ്ക്കുപരി എല്ലാത്തരത്തിലുമുള്ള ജലവിനോദങ്ങളും മേളയിൽ അണിനിരക്കും. '55ലേറെ സ്ഥാപനങ്ങൾ അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കും. 4000ത്തിലേറെ ബിസിനസ് സന്ദർശകരേയും പ്രതീക്ഷിക്കുന്നുവെന്ന് ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ്,


കേരള സർക്കാരിനു കീഴിലുള്ള കെബിപ്, കേന്ദ്ര സർക്കാരിനു കീഴിലുള്ള എൻഎസ്ഐസി, കൊച്ചി വാട്ടർ മെട്രോ, കേരളാ ടൂറിസം, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, സതേൺ നേവൽ കമാൻഡ്, കേരളാ മാരിടൈം ബോർഡ്, സിഫ്റ്റ്, ഫിഷറീസ് വകുപ്പ് എന്നീ സ്ഥാപനങ്ങളുടെ അംഗീകാരവും പിന്തുണയും മേളയ്ക്കുണ്ട്. ഇതിനുപുറമെ ബോട്ട് യാർഡുകൾ, ഉപകരണ നിർമാതാക്കൾ തുടങ്ങി കേരളത്തിൽ നിന്നുള്ള എസ്എംഇകളുടെ പ്രത്യേക ഇൻഡസ്ട്രി പവലിയനും ഐബിഎംസിന്റെ ഭാഗമാകും.വിവിധ പ്രതിരോധ വകുപ്പ് സ്ഥാപനങ്ങൾ, ഷിപ്പ് യാർഡുകൾ, തുറമുഖങ്ങൾ എന്നിവയ്ക്കായുള്ള വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാം (വിഡിപി) എൻഎസ്ഐസി സംഘടിപ്പിക്കും. ലീഷർ, റെസ്ക്യു ബോട്ടിംഗ്, വാട്ടർ സ്പോർടസ് ടൂറിസം, കയാക്ക്സ് തുടങ്ങിയവയ്ക്കുള്ള രാജ്യത്തെ ഏക ട്രേഡ് ഷോയാണ് ഐബിഎംഎസെന്നും സംഘാടകർ പറഞ്ഞു. പങ്കെടുക്കുന്ന സ്ഥാപനങ്ങൾ ഒട്ടേറെ പുതിയ ഉൽപ്പന്നങ്ങൾ മേളയിൽ അവതരിപ്പിക്കാനിരിക്കെ ഈ മേഖലയ്ക്ക് വൻകുതിപ്പേകാനും മേള വഴി തുറക്കുമെന്നും അവർ പറഞ്ഞു.എൻഎസ്ഐസി സോണൽ ജനറൽ മാനേജർ ശ്രീവത്സൻ, എൻഎസ്ഐസി ബ്രാഞ്ച് ഹെഡ് കൊച്ചി ഗ്രേസ് റെജി, സമുദ്ര ഷിപ്പ് യാർഡ് എംഡി എസ് ജീവൻ, മറൈൻ എൻജിനീയേഴ്സ് സംഘടനയുടെ പ്രസിഡന്റ് പ്രൊഫ. കെ എ സൈമൺ എന്നിവരു വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# 55 കഴിഞ്ഞവർക്ക് ഫെഡറൽ ബാങ്കിന്റെ എസ്റ്റീം




**കൊച്ചി:** ഫെഡറൽ ബാങ്ക് 55 വയസു കഴിഞ്ഞവർക്കു വേണ്ടിയുള്ള സേവിംഗ്സ് അക്കൗണ്ടായ  'എസ്റ്റീം'  അവതരിപ്പിച്ചു. 55 വയസു കഴിഞ്ഞവർക്ക് അനുയോജ്യമായ പാക്കേജാണ് പുതിയ എസ്റ്റീം സേവിങ്സ് ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാകുന്നതെന്ന് കൊച്ചി മൺസൂൺ എംപ്രസിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡന്റും ഫെഡറൽ ബാങ്ക് എറണാകുളം റീജിയണൽ മേധാവിയുമായ ടി.എസ്.മോഹൻദാസ് പറഞ്ഞു. ബാങ്കിന്റെ ഇടപാടുകാർക്കും അക്കൗണ്ട് തുടങ്ങാൻ താത്പര്യമുള്ളവർക്കും പുതിയ സ്കീമിനെ കുറിച്ച് അറിയാനുള്ള അവസരമാണ് ഈ ചടങ്ങെന്നും അദ്ദേഹം വ്യക്തമാക്കി.

കോംപ്ലിമെന്ററി ഇൻഷുറൻസ് കവർ,എയർപോർട്ട് ലോഞ്ച് ആക്സസ്,എക്സ്ക്ലൂസീവ് ഡെബിറ്റ് കാർഡ് ഓഫറുകൾ , പ്രത്യേക കുടുംബ ആനുകൂല്യങ്ങൾ,10 ബാങ്കിംഗ് സേവനങ്ങൾക്ക് സീറോ ചാർജ്, ലോക്കർ റെന്റ് ആൻഡ് ഡീമാറ്റ് എ.എം.സി. ഇളവുകൾ എന്നിവയാണ് എസ്റ്റിം അക്കൗണ്ടിന്റെ പ്രത്യേകതകൾ. എസ്റ്റീം സേവിംഗ്സ് അക്കൗണ്ടിനെക്കുറിച്ചും കൂടുതലറിയാൻ, www.federal-bank.co.in/esteem-savings-accoutn എന്ന ലിങ്ക്  സന്ദർശിക്കുക.



# കെഎംഎ വാർഷിക മാനേജ്മെന്റ് കൺവെൻഷൻ സമാപിച്ചു

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ വാർഷിക മാനേജ്മെന്റ് കൺവെൻഷൻ സമാപിച്ചു. ബോൾഗാട്ടി ഗ്രാന്റ് ഹയാത്തിൽ രണ്ടു ദിവസങ്ങളിലായാണ് കൺവെൻഷൻ നടന്നത്.ദൈവമുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കൽ രത്തൻ ടാറ്റയിൽ ദൈവത്തെ കാണാമെന്ന് മുൻ ഐ എ എസ് ഉദ്യോഗസ്ഥനും രതൻ ടാറ്റ എ ലൈഫ് പുസ്തകം രചയിതാവുമായ തോമസ് മാത്യു പറഞ്ഞു. സമാപന സെഷനിൽ രതൻ ടാറ്റയുടെ ജീവിതവും കാലവും എന്ന വിഷയത്തിൽ മുൻ എംഎൽ എ കെ എസ് ശബരീനാഥനുമായി നടത്തിയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടുതൽ ലാഭം ഉണ്ടാകുന്നതിന് അനുസരിച്ച് സാമൂഹ്യ സേവനങ്ങൾ കൂടുതൽ ചെയ്യാനാണ് രതൻ ടാറ്റ ആഗ്രഹിച്ചതെന്ന് തോമസ് മാത്യു പറഞ്ഞു. കേരളത്തിൽ പ്രളയം ഉണ്ടായപ്പോൾ ആദ്യം സഹായിച്ചവരിൽ ഒരാൾ ടാറ്റയാണെങ്കിലും അക്കാര്യം പരസ്യമാക്കാൻ രത്തൻ ടാറ്റ ആഗ്രഹിച്ചിരുന്നില്ലെന്ന് കെ എസ് ശബരീനാഥൻ ഓർമ പങ്കുവെച്ചു.ഇനി ക്വിക്ക് കൊമേഴ്സിന്റെ കാലമാണെന്ന് ബിഗ്ബാസ്ക്കറ്റ് ഡോട്ട് കോം സഹ സ്ഥാപകൻ ഹരി മേനോൻ ചൂണ്ടിക്കാട്ടി. രാജ്യത്തെ പലവ്യഞ്ജന ബിസിനസ് 600 ബില്യൺ ഡോളറാണ്. ഇതിൽ 95 ശതമാനവും കടുംബങ്ങൾ നടത്തുന്ന  പലവ്യഞ്ജന കടകളാണ്. ക്വിക്ക് ഡെലിവറി സർവീസുകൾ ഇത്തരം കടകളെ  ബാധിക്കില്ല. റീട്ടെയ്ൽ ബിസിനസിൽ വരുന്ന പ്രധാന മാറ്റം ക്വിക് കൊമേഴ്സ് ആയിരിക്കുമെന്നും  നിലവിൽ പലവ്യഞ്ജനങ്ങളാണ് കൂടുതലായും ക്വിക് ഡെലിവറി സർവീസുകളിൽ പെടുന്നതെങ്കിലും ഭാവിയിൽ വസ്ത്രങ്ങളും  ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുമെല്ലാം ഇതിന്റെ ഭാഗമായി മാറുമെന്നും അദ്ദേഹം പറഞ്ഞു.

അഫോർഡബിൾ ഫാഷൻ ആയിരിക്കും ഇനി ഫാഷൻ മേഖലയെ നിയന്ത്രിക്കുകയെന്ന് ഇന്നവേറ്റിങ് ഫാഷൻ സെഷനിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. ഡിസൈനർ റൗക്ക സ്ഥാപകൻ ശ്രീജിത്ത് ജീവൻ, ഗ്ലോബൽ ഫാഷൻ കൺസൾട്ടന്റ് വിനോദ് നായർ, ക്രാഫ്റ്റ് വില്ലേജ് സഹ സ്ഥാപക ഉമാ പ്രജാപതി, പ്രൊഫ. സോമേഷ് സിംഗ് എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുത്തു. ഊർജ മേഖലയിൽ വരുന്ന മാറ്റങ്ങളെ സസൂക്ഷ്മമായി നിരീക്ഷിക്കുകയാണെന്ന് നയാരാ എനർജി എക്സിക്യൂട്ടീവ് ചെയർമാൻ പ്രസാദ് കെ പണിക്കർ പറഞ്ഞു. ഇന്നവേറ്റ്  ടു അഡാപ്റ്റ് എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.  ഒ എൻ ഡി സി മാനേജിംഗ് ഡയറക്ടറും സിഇഒയുമായ തമ്പി കോശി പ്രഭാഷണം നടത്തി.

ചോക്കലേറ്റ്സ്, കോഫി ആന്റ് കൺഫക്ഷനറി ക്ലസ്റ്റർ ഐ ടി സി ലിമിറ്റഡ് സി ഒ ഒ രോഹിത് ദോഗ്ര പ്രഭാഷണം നടത്തി.ബാങ്കിംഗ് സാമ്പത്തിക സേവന മേഖലയുടെ നവീകരണത്തിൽ സാമ്പത്തിക സാങ്കേതിക വിദ്യയുടെ പിന്തുണ  എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ ഐ ഐ എം അസോസിയേറ്റ് പ്രൊഫസർ മുഹമ്മദ് എസ് അബ്ദുല്ല മോഡറേറ്ററായിരുന്നു. നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഇന്റർമീഡിയറി റിലേഷൻഷിപ്സ് തലവൻ അഭിഷേക് വാല വാൽക്കർ, ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റും ഫിൻടെക് പാർട്ട്ണർഷിപ്പ്സ് തലവനുമായ സുമോത് സി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.



# ഡെസ്റ്റിനി 125 പുറത്തിറക്കി ഹീറോ മോർട്ടോകോർപ്

**കൊച്ചി:** ഇരുചക്രവാഹന നിർമാതാക്കളായ ഹീറോ മോട്ടോർകോർപ്.125 സിസി സ്കൂട്ടർ വിഭാഗത്തിൽ പുതിയ ഡെസ്റ്റിനി 125 പുറത്തിറക്കി. മുൻനിര നൂതന സാങ്കേതികവിദ്യകളും മൈലേജും സംയോജിക്കുന്ന ഈ പുതിയ മോഡൽ മൂന്ന് വകഭേദങ്ങളിൽ ലഭ്യമാകുമെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.ഡെസ്റ്റിനി 125 വിഎക്സ് രൂപ 80,450, ഡെസ്റ്റിനി 125 സെഡ്എക്സ് രൂപ 89,300, ഡെസ്റ്റിനി 125 സെഡ്എക്സ് + രൂപ 90,300 (ഡൽഹിയിലെ പ്രാരംഭ എക്സ്ഷോറൂം വില) എന്നിവയാണവ. ഇല്യൂമിനേറ്റഡ് സ്റ്റാർട്ട് സ്വിച്ച്, ഓട്ടോ കാൻസൽ വിങ്കറുകൾ തുടങ്ങിയ നവീന സവിശേഷതകൾ പുതിയ ഡെസ്റ്റിനി 125ന്റെ പ്രത്യേകതയാണ്. 59 കിലോമീറ്റർ മൈലേജ്, വിശാലമായ ലെഗ്റൂം, ഫ്ലോർബോർഡ്, നീളമുള്ള സീറ്റ് തുടങ്ങിയവയും പുതിയ ഡെസ്റ്റിനി 125നെ ആകർഷകമാക്കുന്നു. പുതിയ ഡിജിറ്റൽ സ്പീഡോമീറ്റർ, 190എംഎം ഫ്രണ്ട് ഡിസ്ക് ബ്രേക്ക്, നവീകരിച്ച 12/12 പ്ലാറ്റ്ഫോം, വീതിയേറിയ പിൻ ചക്രം, നൂതനമായ ഐ3എസ് (ഐഡിൽ സ്റ്റോപ്പ്സ്റ്റാർട്ട് സിസ്റ്റം) സാങ്കേതികവിദ്യ തുടങ്ങിയ ഫീച്ചകളുമുണ്ട്.125 സിസി എഞ്ചിനാണ് പുതിയ ഡെസ്റ്റിനി 125ലുള്ളത്. ടേൺബൈടേൺ നാവിഗേഷൻ, ഇക്കോ ഇൻഡിക്കേറ്റർ, റിയൽടൈം മൈലേജ് ഡിസ്പ്ലേ (ആർടിഎംഐ), ഡിസ്റ്റൻസ്ടുഎംപ്റ്റി, ലോ ഫ്യുവൽ ഇൻഡിക്കേറ്റർ എന്നിവയുൾപ്പെടെ നിരവധി സ്മാർട്ട്ഫോൺഅനുയോജ്യമായ സവിശേഷതകളുമുണ്ട്.പുതിയ ഡെസ്റ്റിനി 125 അഞ്ച് എക്സ്ക്ലൂസീവ് നിറങ്ങളിൽ ലഭ്യമാകും. വിഎക്സ് കാസ്റ്റ് ഡ്രം എറ്റേണൽ വൈറ്റ്, റീഗൽ ബ്ലാക്ക്, ഗ്രൂവി റെഡ് എന്നീ നിറങ്ങളിൽ ലഭ്യമാണ്. കാസ്റ്റ് ഡിസ്ക് ഇസഡ്എക്സ് കോസ്മിക് ബ്ലൂ, മിസ്റ്റിക് മജന്ത എന്നീ നിറങ്ങളിൽ ലഭ്യമാണ്.

കാസ്റ്റ് ഡിസ്ക് ഇസഡ്എക്സ്+ കോപ്പർ ക്രോം ആക്സന്റുകളോടെ എറ്റേണൽ വൈറ്റ്, റീഗൽ ബ്ലാക്ക് എന്നീ നിറങ്ങളിൽ ലഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.






## ബംഗളുരു, ഗോവ, ആലപ്പുഴ സർവ്വീസുകൾക്ക് തുടക്കമിട്ട് ഫ്ളിക്സ്ബസ്

**ആലപ്പുഴ:** ഫ്ളിക്സ്ബസ് ഇന്ത്യ, ബംഗളുരുവിൽ നിന്ന് ഗോവയിലേക്കും ആലപ്പുഴയിലേക്കും രാത്രികാല ബസ് സർവീസുകൾക്ക് തുടക്കമിട്ടു. ബംഗളുരുവിൽ നിന്ന് ഗോവയിലേക്കുള്ള യാത്രയ്ക്ക് ടിക്കറ്റൊന്നിന് 1600 രൂപയും ബംഗളുരുവിൽ നിന്ന് ആലപ്പുഴയിലേക്ക് 1400 രൂപയുമാണ് നിരക്ക്. ലാർജ് ശ്രേണിയിലുള്ള ബസുകൾ ആഴ്ചയിൽ 6 ദിവസവും എക്സ്ട്രാ ലാർജ് ബസുകൾ എല്ലാ ദിവസവും സർവീസ് നടത്തും.രാജ്യത്തെ പ്രധാന സാമ്പത്തിക, ടൂറിസം കേന്ദ്രങ്ങളായ ഗോവയെയും കേരളത്തെയും ബംഗളൂരുവുമായി അനായാസം ബന്ധിപ്പിക്കുന്ന ബസ് സർവീസുകൾ ഒരുക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ഫ്ലിക്സ്ബസ് ഇന്ത്യയുടെ എംഡി സൂര്യ ഖുറാന പറഞ്ഞു. ദക്ഷിണേന്ത്യൻ മേഖലയിൽ ശക്തമായ ഒരു യാത്രശൃംഖല പടുത്തുയർത്താനുള്ള കമ്പനിയുടെ ശ്രമങ്ങളുടെ ഭാഗമാണ് ഈ നീക്കം. മിതമായ നിരക്കിൽ സുഖകരവും പ്രകൃതിസൗഹൃദപരവുമായ യാത്രാസൗകര്യങ്ങൾ ഒരുക്കുമെന്നും അദ്ദേഹം പറഞ്ഞു.ബംഗളൂരു ആലപ്പുഴ റൂട്ടിൽ കൃഷ്ണഗിരി, സേലം, ഈറോഡ്, തിരുപ്പൂർ, കോയമ്പത്തൂർ, പാലക്കാട്, തൃശൂർ, കൊച്ചി എന്നിവിടങ്ങളിലും സ്റ്റോപ്പുകളുണ്ട്. ബെംഗളൂരുഗോവ റൂട്ടിൽ തുംകുരു, ചിത്രദുർഗ, ദേവനാഗരി, ഹവേരി, യെല്ലാപൂർ, കാർവാർ, എന്നിവയ്ക്ക് പുറമെ ഗോവയിലെ പ്രധാന ആകർഷണങ്ങളായ പാലോലെം, മദ്ഗൺ, പഞ്ചിം, മപുസ എന്നിവിടങ്ങളിലും ബസുകൾ യാത്രക്കാർക്കായി നിർത്തും.



## കേരളാ ആർട്ട്സ് ആൻറ് ക്രാഫ്റ്റ്സ് വില്ലേജിൽ അവസരമൊരുക്കി റാഗ്ബാഗ് 2025

**കൊച്ചി:** കേരളാ ആർട്ട്സ് ആൻറ് ക്രാഫ്റ്റ്സ് വില്ലേജിലെ അന്താരാഷ്ട്ര പെർഫോമിങ് ആർട്ട്സ് ഫെസ്റ്റിവൽ ലോകമെമ്പാടുമുള്ള കലാകാരർക്ക് തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള അവസരമൊരുക്കുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി നിർമിച്ച സാംസ്ക്കാരിക മികവും ദൃശ്യഭംഗിയുമുള്ള ഈ വേദി സന്ദർശകർക്ക് ലോകോത്തര നിലവാരമുള്ള കലാപ്രകടനങ്ങൾ ആസ്വദിക്കാനുള്ള അതുല്യമായ അവസരമാണൊരുക്കുന്നത്.തിരുവനന്തപുരത്തെ കേരളാ ആർട്ട്സ് ആൻറ് ക്രാഫ്റ്റ്സ് വില്ലേജ് ആധുനിക കലയ്ക്കും വൈവിധ്യമാർന്ന സാംസ്ക്കാരിക ചർച്ചകൾക്കുമുള്ള കേന്ദ്രമാകുന്നതിന് ഒപ്പം കേരളത്തിൻറെ പരമ്പരാഗത കരകൗശല വിദ്യയുടെ പ്രതീകം കൂടിയായി വർത്തിക്കും.

## 26,256 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം നേടി എസ്ബിഐ ലൈഫ്

**കൊച്ചി:** രാജ്യത്തെ മുൻനിര ലൈഫ് ഇൻഷുറൻസ് സേവനദാതാക്കളായ എസ്ബിഐ ലൈഫ് ഇൻഷുറൻസ് 2024 ഡിസംബർ 31ന് അവസാനിച്ച പാദത്തിൽ 26,256 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം നേടി. 2023 ഡിസംബർ 31ൽ 26,000 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയമായിരുന്നു നേടിയത്. സ്ഥിരം പ്രീമിയം ഇക്കാലയളവിൽ 12 ശതമാനവും വർധിച്ചിട്ടുണ്ട്. പരിരക്ഷാ വിഭാഗത്തിൽ കൃത്യമായ ശ്രദ്ധ പതിപ്പിക്കുന്ന എസ്ബിഐ ലൈഫിൻറെ പരിരക്ഷാ പദ്ധതികളുടെ പുതിയ ബിസിനസ് പ്രീമിയം 2024 ഡിസംബർ 31ന് 2792 കോടി രൂപയാണ്. കമ്പനിയുടെ അറ്റാദായം 1,600 കോടി രൂപയാണെന്നും ഡിസംബർ 31ലെ കണക്കുകൾ സൂചിപ്പിക്കുന്നു. സോൾവൻസി അനുപാതം 2.04 ആയി തുടരുന്നുമുണ്ട്. നിയന്ത്രണ മാനദണ്ഡങ്ങൾ പ്രകാരം നിലനിർത്തേണ്ടത് 1.50 ആണ്. ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ 19 ശതമാനം വർധിച്ച് 4,41,678 കോടി രൂപയിലും എത്തിയിട്ടുണ്ട്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com